Mr. President : The House will now resume the discussion on the Child Marriage Restraint Bill.

The Cochin Child Marriage Restraint Bill

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: സാധാരണ ഹിന്ദുമതസന്പ്രദായപ്രകാരമുള്ള നടപടികൾ പലതും ചിന്തയായിട്ട് തോന്നിട്ടുള്ള ആളുകൾക്കുതന്നെ കാലാന്തരത്തിൽ അതു വളരെ ഗുണകരമായിട്ടുള്ളതാണെന്നു് തോന്നിട്ടുണ്ടു് എന്നുള്ള സംഗതിയെപ്പറ്റിയായിരുന്നു ഞാൻ ഇന്നലെ പ്രസ്താവിച്ചിരുന്നതു്. അതിനെപ്പറ്റി എന്റെ സ്നേഹിതനായ ബഹുമാനപ്പെട്ട മുകുന്ദമേനോൻ കാവു മെമ്പർ അവർകൾ ചോദിച്ചതിനു ചില ഉദാഹരണങ്ങൾ ഞാൻ ഇവിടെ പറയുകയുണ്ടായി. ഉദാഹരണങ്ങൾ അധികം വിസ്തരിച്ചിട്ടില്ലെങ്കിലും ഏകദേശം വ്യക്തമായിട്ടുള്ള തത്വത്തിലും അനുഭവങ്ങളിൽ കൈകൊണ്ടു് കണ്ടിയുണ്ടാക്കിയ പച്ചമരി—വിറ്റാമിൻ അധികമുള്ളതായ അരി—ഉപയോഗിക്കണമെന്നു് വെച്ചിട്ടുള്ളതിലും അടങ്ങിയിരിക്കുന്ന തത്വം നോക്കിയാൽ പഴയ നടപടികൾ ആധുനിക ശാസ്ത്രജ്ഞന്മാർപോലും വളരെ ഗുണകരമായിട്ടുള്ളതാണെന്നു് സമ്മതിക്കുന്നതും നിലയിലുള്ളതാണെന്നു് കാണാവുന്നതാണു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: പച്ചരി ഉപയോഗിക്കണമെന്നു് പറഞ്ഞിട്ടുള്ളതിന്റെ പ്രാധാന്യം എന്താണു്?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: അനേകായിരം കൊല്ലങ്ങളായി നമ്മുടെ പൂർവ്വികന്മാർ യാതൊരു തെറ്റും കൂടാതെ അനുഷ്ഠിച്ചു വരുന്നതായ സംഗതികൾ തെറ്റാണെന്നു് പറയുവാൻ ഞാൻ തയ്ക്കുകയില്ല. വിശ്വാസമെന്നതു് സകല മതത്തിന്നും സകല സമുദായത്തിന്നും തത്വപരമായിട്ടാണു്. അങ്ങിനെയുള്ള വിശ്വാസത്തിന്റെ ഉദ്ദേശത്തെപ്പറ്റി ആദ്യംതന്നെ ചോദ്യം ചെയ്യുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ ലോകത്തിൽ വിശ്വാസമെന്നുള്ള ഒന്നില്ലെങ്കിൽ ഈ ലോകംതന്നെ നിലനില്ക്കുമോ എന്നുള്ള കാര്യം സംശയമായിട്ടുള്ളതാണു്. *(Hear, hear)*.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: പക്ഷേ നല്ലതു വിശ്വസിക്കണം.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഇന്നലെ എന്റെ സ്നേഹിതനായ ബഹുമാനപ്പെട്ട തുളുവ ഇഴവമെമ്പർ അവർകൾ മഹാകവി കുമാരനാശാന്റെ കൃതികളിൽ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. എന്നാൽ ആ മഹാകവി കുമാരനാശാൻതന്നെ വിശ്വാസത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഇപ്രകാരം പറഞ്ഞിട്ടുണ്ടു്.

"വിശ്വാസമല്ലൊ വിളക്കു മനുഷ്യനു്
വിശ്വാസം ജീവസമ്പത്സമുദ്രമല്ലൊ
ഒക്കെയും പോമതുപോയാൽ കെടുമാത്മാ
വുക്കൾ പോയുള്ളൊരു കൂപ്പൽപോലെ"

എന്നാണു് കുമാരനാശാൻ പറഞ്ഞിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഇതു് അദ്ദേഹം ഏതിൽ പറഞ്ഞിട്ടുള്ളതാണു്?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഇതു അദ്ദേഹത്തിന്റെ "ഭരവസ്ഥ" യെന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതാണു്.

പിന്നെ വേറെ ഒരു സംഗതിയെപ്പറ്റി എനിക്കു പറയുവാനുള്ളതു് എന്തെന്നാൽ ഇന്നലെ നടന്ന വാദപ്രതിവാദത്തിൽ ആരെ പറഞ്ഞ മാതിരിയുള്ള ആലോചനകൾ ഇതിൽ എടുക്കുന്നതു തെറ്റാണെന്നാണു്. ഈ ബില്ലിനെ പിന്താങ്ങുന്നതിനുള്ള കാരണങ്ങൾ പറഞ്ഞ കൂട്ടത്തിൽ മുളകുന്നത്തുകാവു മെമ്പർ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ തന്റെ വാശ്രയടിയോടും സാമർത്ഥ്യത്തോടും കൂടി ജർമ്മനിയിലെ ജൂതരെന്നും അമ്മ്യാർഭരണമെന്നും മറ്റുമുള്ള ചില പദപ്രയോഗങ്ങൾ ഇവിടെ ചെയ്യുകയുണ്ടായി. ആ പദപ്രയോഗങ്ങൾ തന്റെ അനിതരസാധാരണമായ പാണ്ഡിത്യത്തെ ഈ കൌൺസിലിനെ മനസ്സിലാക്കുവാൻ ചെയ്തതൊ അല്ലെങ്കിൽ വേറെ വല്ല ഉദ്ദേശത്തോടുകൂടി പ്രയോഗിച്ചതൊ പുന്നെ എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹം ചെയ്തിട്ടുള്ള ആ പദപ്രയോഗങ്ങൾ ഈ കൌൺസിലിൽതന്നെയും പുറമെയും ചില പ്രക്ഷോഭണങ്ങൾക്കു് കാരണമാക്കീട്ടുണ്ടെന്നു് അദ്ദേഹത്തിനു അറിയാവുന്ന സംഗതിയാണു്. ഒരു ബില്ലൊ റസലൂഷനൊ ആലോചനയിലിരിക്കുന്നതിനിടയിൽ അനാവശ്യവും വേണ്ടാത്തതുമായ ചില പ്രമാണങ്ങളും ചില പദപ്രയോഗങ്ങളുംകൊണ്ടു് തരിക്കുള്ള ആ ബില്ലിന്റേയൊ റസലൂഷന്റേയൊ മെറിറ്റ കളഞ്ഞു് അനാവശ്യമായി ലഹള യുണ്ടാക്കുന്നതു് വളരെ വിശേഷമായിട്ടുള്ള ഒരു കാര്യമല്ലെന്നു മാത്രമേ എനിക്കു ഈ സഭയെ അറിയിക്കാനുള്ളൂ. അതേമാതിരിതന്നെ അത്ര സാമർത്ഥ്യത്തോടും, വാശ്രയടിയോടും, പാണ്ഡിത്യത്തോടും പറയുവാൻ എനിക്കു കഴികയില്ലെങ്കിലും ചിലതെല്ലാം എനിക്കും പറയുവാൻ കഴിയുമെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല. എന്നാൽ ഞാൻ അതിനു ഒരുക്കമില്ല. ഇനിയെങ്കിലും ഇത്തരത്തിലുള്ള വാദങ്ങൾ കേൾക്കുവാൻ പാടില്ല എന്ന ആഗ്രഹംകൊണ്ടുമാത്രമാണു് ഞാൻ ഇതു പറഞ്ഞതു്. ഒന്നുരണ്ടു സംഗതികൾ നാം ഇതിൽ പ്രത്യേകം ആലോചിക്കേണ്ടതുണ്ടു്. വളരെ ചെറുപ്രായത്തിൽതന്നെ വിവാഹംചെയ്യുന്നതുകൊണ്ടു് വളരെ ദോഷമുണ്ടെന്നു് പറയുന്നുണ്ടു്. എന്നാൽ വിവാഹം ചെയ്യുന്ന സമയംമുതൽതന്നെ പുരുഷനും സ്ത്രീയും ഒന്നിച്ചു താമസിച്ചുവരുകയാണെങ്കിൽ ആ വാദത്തിനു ഒരു നല്ല ശക്തിയുണ്ടു്. ഇപ്പോൾ ഈ ബിൽ ആവശ്യമില്ലെന്നു് പറയുന്ന ബ്രാഹ്മണസമുദായത്തിൽ നടപ്പുള്ള വിവാഹത്തിന്റെ സമ്പ്രദായം മുഴുവൻ മനസ്സിലാക്കാതെ വിവാഹം എന്നു പറഞ്ഞാൽ ഉടനെ സ്ത്രീയും പുരുഷനും ഒരുമിച്ചു താമസിക്കും എന്ന തെറ്റിദ്ധാരണയോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ വിവാഹം കഴിക്കുന്നു എന്ന സംഗതി വെച്ചുകൊണ്ടുമാത്രം അനുകൂലിക്കുന്നതു എത്രത്തോളം ശരിയാണെന്നു് ആലോചിക്കേണ്ടതായ ഒരു കർത്തവ്യം ഈ സഭക്കുണ്ടു്. ബ്രാഹ്മണസമുദായത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ചില പ്രത്യേക ആചാരങ്ങൾ അവക്കുണ്ടെന്നു് എല്ലാവക്കും അറിയാം. വളരെ ചെറുപ്രായത്തിൽ വിവാഹംകഴിച്ചു് അവർ ഭാര്യാഭർത്താക്കന്മാരായി താമസിച്ചാൽ ചില ദോഷങ്ങൾ ഉണ്ടെന്നു് ഞാൻ സമ്മതിക്കാം. വളരെ പ്രായംചെന്നതിൽപിന്നെ സ്ത്രീയും പുരുഷനുംകൂടി വിവാഹംകഴിച്ചു ജീവിക്കുന്നതു തങ്ങൾക്കും തങ്ങളുടെ സന്താനങ്ങൾക്കും ഏറ്റവും ഗുണകരമായിട്ടുള്ളതല്ലെന്നുള്ള സം

LIBRARY ARCHIVES Kerala Legislative Assembly

ഗതിയും ഈ സമയത്തു് വിസ്മരിക്കത്തക്കതല്ല. ഇങ്ങിനെയിരിക്കെ ഈ വിഷയത്തെക്കുറിച്ചു് വളരെ ആലോചിച്ചു് എടുത്തിട്ടുള്ള ഇപ്പോഴത്തെ സമ്പ്രദായം ഈ രണ്ടിന്നും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു വിശേഷപ്രതിയാണു്.

ഇനി പാശ്ചാത്യർ നമ്മുടെ ഈ നടപടിയെപ്പറ്റി എന്തു പറയുന്നു എന്നു് നോക്കാം. Will Durant എന്ന മഹാൻ അദ്ദേഹത്തിന്റെ "The Story of Civilisation" എന്ന പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"The early maturity of the Hindu making a girl of 12 as old as a girl of 14 or 15 in America, created a difficult problem or moral and social order. Should marriage be arranged to coincide with sexual maturity or should it be postponed as in America until the male arrives at economic maturity? The first solution apparently weakens the national physique, unduly accelerates the growth of population and sacrifices the woman almost completely to reproduction; the second solution leaves the problems of unnatural delay, sexual frustration, prostitution and venereal disease. The Hindus chose child marriage as the lesser evil and tried to mitigate its dangers by establishing, between the marriage and its consummation a period in which the bride should remain with her parents until the coming of puberty."

വിവാഹം വളരെ ചെറുപ്പത്തിൽ ചെയ്യുകയാണെങ്കിൽ ഇതുപോലെ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നാണു് അദ്ദേഹം പറയുന്നതു്. എന്നാൽ നമ്മുടെ പൂർവ്വികന്മാരായ ഹിന്ദുക്കൾ ഇതിനെക്കുറിച്ചു് ആലോചിച്ചു് കണ്ടുപിടിച്ചിട്ടുള്ള സമ്പ്രദായത്തെപ്പറ്റിയും അദ്ദേഹം പറയുന്നുണ്ടു്.

Mrs. Thankamma N. Menon *(Ernakulam-Women):* Will it solve the question of child-widows?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: അതു പറയാം. ഇപ്പോൾ വളരെ ചെറുപ്പത്തിൽ കല്യാണം കഴിക്കുന്നതുകൊണ്ടുള്ള ദോഷവും വളരെ വൈകിയിട്ടു കല്യാണം കഴിക്കുന്നതുകൊണ്ടുള്ള ദോഷവും ഇല്ലാതെ ബുദ്ധിപൂർവ്വകമായി ആലോചിച്ചും ഒരു വിവാഹസമ്പ്രദായം കണ്ടുപിടിക്കയാണെങ്കിൽ അതു് ഇപ്പോൾ ബ്രാഹ്മണസമുദായത്തിൽ നടക്കുന്ന സമ്പ്രദായമായിരിക്കും. ഈ സമ്പ്രദായപ്രകാരം ഭാര്യാഭർത്തൃത്വം, നേരത്തെ കല്യാണം കഴിഞ്ഞാലും വൈകി സ്വീകരിച്ചാൽ മതി. അതിനിടയിൽ മാതാപിതാക്കന്മാരുടെ വീട്ടിൽ അവർ താമസിച്ചാൽ മതിയെന്നും സമ്മതിച്ചിട്ടുണ്ടു്. ഇതു വളരെ ഒരു നല്ല സമ്പ്രദായമാണെന്നു് പാശ്ചാത്യപണ്ഡിതന്മാരും സമ്മതിച്ചിട്ടുള്ളതാണു്. എന്നതന്നെയല്ല അനുഭവത്തിൽ നല്ലതായി നമുക്കു തോന്നിട്ടുള്ളതും ഈ സമ്പ്രദായമാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആരുടെ അനുഭവത്തിലാണു്?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: എന്റെ അനുഭവത്തിൽ കണ്ടിട്ടുള്ളതാണു് ഞാൻ പറയുന്നതു്. ഞാനും ഒരു പരിഷ്കാരിയാണെന്നാണു് എന്റെ അഭിമാനം. പരിഷ്കാരിയാണെന്നുള്ളതു് തീർച്ചയാക്കേണ്ടതു് മറ്റുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളാണു്. ഞങ്ങളുടെ വിശ്വാസത്തിലും അനുഭവത്തിലും ശരിയായിട്ടു തോന്നിട്ടുള്ളതു് ഇപ്പോഴത്തെ സമ്പ്രദായമാണു". മറ്റു കൂട്ടരുടെ വിശ്വാസം തെറ്റാണെന്നുപറയുവാൻ ആർക്കും സാധിക്കയില്ല. ശരിക്കു നാട്ടിൽ നടപ്പുള്ള അനുഭവം നോക്കിയാൽ ഇതാണു നല്ലതു" എന്നാണു വലിയ പരിഷ്കാരികളായ പാശ്ചാത്യപണ്ഡിതന്മാർ കൂടി പറഞ്ഞിട്ടുള്ളതു്.

പിന്നെ ഇവിടെ ഒന്നു പറയുകയുണ്ടായി. വിധവാവിവാഹത്തിനുംകൂടി ഒരു റിഫോം വേണമെന്നു്. വിധവാവിവാഹം നടപ്പായാൽ പിന്നെ കല്യാണം കഴിക്കുന്നതിനു പണവും കൊടുക്കേണ്ടിവരും. അതായതു് വിധവാവിവാഹം വന്നാൽ ധാരാളം കന്യകകൾക്കു് വിവാഹത്തിനു കൂടി നിവൃത്തിയില്ലാതെവരും. അപ്പോൾ പണവും കന്യകയും വെച്ചുകൊണ്ടിരിക്കണം. ഇപ്പോൾ അതില്ല. പ്രായപൂർത്തി വന്ന സ്ത്രീകൾ കല്യാണം കഴിക്കാതിരുന്നാൽ പിന്നെ ഉണ്ടാകുന്ന കഷ്ടം വേറെ ഒന്നാണു്. അതായതു് spinster problem.

Mr. T. P. Poulose *(Kanayannur):* Is that the significance of absence of child marriage?

Mr. T. V. Subramania Ayyar *(Nemmara):* You have to establish a case after studying the pros and cons. പാശ്ചാത്യരാജ്യങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള നില എന്താണെന്നു് ശരിക്കു നോക്കേണ്ടതാണു്.

മറ്റൊരിടത്തു മാന്യന്മാരുടെ അഭിപ്രായം ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എന്താണെന്നുനോക്കാം. കൃഷ്ണൻ കർത്താവു പറഞ്ഞിരിക്കുന്നതു്— "മേല്പറഞ്ഞ ഭൂരിപക്ഷസമുദായങ്ങളിൽ വിവാഹകാലനിർണ്ണയമില്ലാത്തതിനാൽ അവിവാഹിതകളായ യുവതികളെ ധാരാളം കാണാം. ഇന്നത്തെ അനേകായിരം മലയാളത്തറവാട്ടുകളും ഇതിനു് ഉത്തമദൃഷ്ടാന്തങ്ങളാണു്. മറ്റു സമുദായങ്ങളിൽ അങ്ങിനെ കാണുകയില്ല. വൃദ്ധകന്യകകളുടെ ചൂടുകണ്ണുനീരാണു് ഇന്നാട്ടിലെ അന്തരീക്ഷത്തെ ഉഷ്ണമാക്കുന്നതു്. ഈ ദുരവസ്ഥയെ ദൂരീകരിക്കുന്നതിനുപകരം അതിനെ വളർത്തുകയാണു് ഈ പുതിയ നിയമത്തിന്റെ പ്രയോജനം" എന്നാണു്. ബഹുമാനപ്പെട്ട മെമ്പർമാരോടു് ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. എല്ലാ സമുദായങ്ങളിലും എനിക്കു ഉത്തമസ്നേഹിതന്മാരുണ്ടു്. എന്റെ നാട്ടിലുള്ള നായർ തറവാടുകളിൽ പ്രായമായിട്ടുള്ള കന്യകകളെ കല്യാണം കഴിച്ചുകൊടുക്കുന്നതിനു് നിവൃത്തിയില്ലാതെ ബുദ്ധിമുട്ടുന്നതു് എനിക്കു നല്ലപോലെ അറിയാം. പ്രത്യേകിച്ചു് എലക്ഷൻ സമയത്തു് പലേ ആളുകളേയുംകണ്ടു് കാര്യങ്ങൾ പറയുന്നകൂട്ടത്തിൽ ചിലപ്പോൾ ഈ ആക്ഷേപവും കേൾക്കുവാൻ ഇടവന്നിട്ടുണ്ടു്.

Dr. A. R. Menon *(Minister for Rural Development):* What about the opinion of the Brahmin Ladies?

Mr. T. V. Subramania Ayyar *(Nemmara):* I claim, to know more about the opinion of our ladies, Sir, and I differ from the opinion given yesterday. We have more right to represent our own ladies here.

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സമുദായത്തിൽ ഇങ്ങനെകാണുന്നില്ല. ഉയർന്നതാക്കുന്നതായ ഈ ഉദ്യോഗസ്ഥയെ ദുരികരിക്കുന്നതിനു" പകരം അതിനെ വലിച്ചുപിടിക്കുകയാണു" ഈ പുതിയ നിയമത്തിന്റെ പ്രയോജനം. ഇതേ എനിക്കു പറയാനുള്ളൂ. ഈ കാര്യത്തിൽ അനേകം ആളുകളുടെ ഉപദേശവും അഭിപ്രായവും ഇതിൽ എടുക്കേണ്ടതാണു". നമ്മുടെ രാജ്യത്തു് കുറെക്കാലത്തിനു മുമ്പു് ദിവാനായിരുന്ന സർ ആൽബീയൻ ബാനർജി ഈ സംഗതിയെപ്പറ്റി എന്തു പറയുന്നു എന്നുനോക്കാം. അദ്ദേഹം ബ്രാഹ്മണ സമുദായത്തിൽ പെട്ട ഒരാളാണു". പാശ്ചാത്യപരിഷ്കാരത്തിൽ അദ്ദേഹം വളരെ ശ്രദ്ധയോടുകൂടി നടന്നിരുന്ന ആളാണെന്നും നമുക്കറിയാം. അദ്ദേഹത്തിന്റെ താമസംതന്നെ ഇപ്പോഴും ഇംഗ്ലണ്ടിലാണു". അദ്ദേഹം ഇപ്പോൾ എഴുതീട്ടുള്ള Rythem of life എന്ന ഒരു പുസ്തകത്തിൽ, പാശ്ചാത്യപരിഷ്കാരത്തിൽ അനുകൂലമനസ്ഥിതിയുണ്ടായിരുന്ന അദ്ദേഹം തന്നെ, ഹിന്ദുക്കളുടെ പുരുഷത്തിലുള്ള വിവാഹമാണു് നല്ലതു" എന്നു പറയുന്നു. പാശ്ചാത്യപരിഷ്കാരത്തിൽ പരിഭ്രമമുണ്ടായിരുന്ന അദ്ദേഹം പാശ്ചാത്യരാജ്യത്തിൽ താമസിച്ചു് സകലവിധമായ പരിഷ്കാരങ്ങളും അനുഭവിച്ചുനോക്കിയതിനു ശേഷം ഇപ്പോൾപറയുന്നതു് ഇങ്ങിനെയാണു".

സർ, ഒരു സംഗതി കൂടി പറഞ്ഞു് എന്റെ പ്രസംഗം തീർത്തുകൊള്ളാം ഒരു സമുദായത്തിൽ പെട്ടവക്കു ഈ ബിൽ ആവശ്യമില്ലെന്നു പറയുന്നു. അതു് ഈ കൌൺസിലിലുള്ള അവരുടെ മെമ്പർമാരും പറഞ്ഞിട്ടുണ്ടു". എന്നതന്നെയല്ല ബിൽ സർക്കുലേറ്റുചെയ്തു കിട്ടീട്ടുള്ളതായ അഭിപ്രായങ്ങളിൽ മുക്കാൽഭാഗം അഭിപ്രായങ്ങളും ഈ നിയമം വേണ്ട എന്നുള്ളതാണു". അങ്ങിനെയിരിക്കുമ്പോൾ ഞങ്ങൾക്കുവേണ്ടാ എന്നു പറയുന്നതായ ഒരു നിയമം അവരുടെ തലയിൽ നിർബ്ബന്ധമായി ഈ കൌൺസിൽ കെട്ടിവെക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നതു് യുക്തികൊണ്ടാണെന്നു് ഞാൻ ചോദിക്കുന്നു.

Dr. A. R. Menon *(Minister for Rural Development)*: Did you ascertain the views of the Brahmin ladies ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : ഞങ്ങൾക്കു കാണുവാൻ സൌകര്യമുള്ള ബ്രാഹ്മണസ്ത്രീകളുടെ അഭിപ്രായമേ അറിഞ്ഞിട്ടുള്ളൂ.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : അങ്ങിനെ ഒരു അഭിപ്രായം ഇതിൽ വന്നിട്ടുണ്ടോ ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : ചിലരോടൊക്കെ ഞാൻ ചോദിച്ചിട്ടുണ്ടു". ചോദിച്ചതിൽ നിന്നു ഈ ബില്ലിനു വിരോധമായിട്ടുള്ളവർ ധാരാളമുണ്ടെന്നു കാണുവാൻ സംഗതിവന്നിട്ടുണ്ടു".

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : ധാരാളമുണ്ടെങ്കിൽ ഒരു സ്ത്രീയുടെ അഭിപ്രായമെങ്കിലും കൊണ്ടുവരാമായിരുന്നില്ലേ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : കടലാസ്സും പെൻസിലും മണിപ്പേഴ്സുമായിട്ടു എപ്പോഴും അഞ്ചലാപ്പീസ്സിലും പോസ്റ്റാപ്പീസ്സിലും മറ്റും പോയികഴിഞ്ഞു കൂടുന്നതായ സ്ത്രീകൾ അന്യസമുദായങ്ങളിൽ ഉണ്ടെങ്കിലും അങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെയുള്ള ഒരു സ്ഥിതി ഞങ്ങളുടെയിടയിൽ ഇല്ല. അതില്ലാത്തതു് വളരെ നല്ലതാണെന്നാണു് ഞങ്ങളുടെ അഭിപ്രായം.

ഡാക്ടർ എ. ആർ. മേനോൻ: അതില്ലാത്തതു് സമുദായത്തിലുള്ള സ്ത്രീകൾക്കു പറിച്ചില്ലാത്തതു കൊണ്ടല്ലേ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: എഴുത്തറിയാത്ത സ്ത്രീകൾ ഇല്ലെന്നു പറയുന്നില്ല. പക്ഷെ അറിയുന്നവരും ധാരാളമുണ്ടു്. ഇതിൽ ഒരു വാദമാണുള്ളതു്. അതുപറയാതെ കഴിയുകയില്ല. കമ്മ്യൂണിറ്റിയിലുള്ള എല്ലാ ആളുകൾനിന്നും ഒരു റഫറണ്ടംഎടുക്കുവാൻ കഴിഞ്ഞില്ല എങ്കിലും സമുദായത്തിലെ ഭൂരിപക്ഷമാളുകളും വേണ്ടായെന്നുപറയുന്ന ഒരു ബിൽ, ഈ നിയമ സഭയിൽ ഇവ മെമ്പർമാരിൽ മൂന്നു് തമിഴു് ബ്രാഹ്മണർ ഉള്ളതിൽ മൂന്നുപേരും വേണ്ടായെന്നു പറയുന്നതായ ഒരു ബിൽ .. ..

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: വേണമെന്നു് വല്ലവരും പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഞങ്ങൾക്കു് സമുദായത്തിലുള്ള അഭിപ്രായം പറയാതെ നിവൃത്തിയില്ല. അതിനുള്ള വില നിങ്ങൾ കൊടുത്താൽമതി. നിയമ സഭയിലുള്ള ഇവ മെമ്പർമാരിൽ തമിഴു് ബ്രാഹ്മണരായിട്ടുള്ള മൂന്നുപേരും വേണ്ടായെന്നുപറയുന്ന ബിൽ, ശാസ്ത്രീയമായി നോക്കിയാൽ ഭിന്നാഭിപ്രായമുള്ള ബിൽ, സനാതനധർമ്മത്തിനും പാശ്ചാത്യ പരിഷ്കാരത്തിനും തെറ്റായിട്ടുള്ളതാണെന്നു് അതു രണ്ടും നല്ലവണ്ണം പരിചയിച്ചിട്ടുള്ളവരും അനുഭവിച്ചിട്ടുള്ളവരും പറയുന്നതായ ഒരു ബില്ലിനെ, കേവലം മൂന്നു ബ്രാഹ്മണ മെമ്പർമാരുള്ളതിൽ മൂന്നുപേരും എതിർക്കുന്നതായ ഒരു ബില്ലിനെ ഈ സഭയിലുള്ള മറ്റെല്ലാവരും കൂടി പാസാക്കി ഞങ്ങളുടെ തലയിൽ കെട്ടിവെക്കണമെന്നു് വല്ല നിബ്ബന്ധവുമുണ്ടോ എന്നാണു് എന്റെ ചോദ്യം. അങ്ങിനെ ചെയ്യുന്നതു് ശരിയാണോ? അവരുടെ വിശ്വാസം തെറ്റാണോ ശരിയാണോ എന്നു് പറയുവാൻ ആർക്കെങ്കിലും അധികാരമുണ്ടോ?

ശാസ്ത്രത്തിലും നമ്മുടെ അനുഭവത്തിലും ഉള്ളതു് ശരിയാണോ എന്നു പറയണോ അതോ വേറും ചില നിയമ പുസ്തകത്തിലോ മറ്റോ പറഞ്ഞതു വെച്ചുകൊണ്ടു് ശാസ്ത്രവും അനുഭവവും തെറ്റാണെന്നു് പറയണോ? അങ്ങിനെ തെറ്റാണെന്നു് പറയേണ്ട ആവശ്യമുണ്ടോ? അതു് ഒരിക്കലും ആവശ്യമില്ലെന്നാണു് ഞാൻ പറയുന്നതു്. ഈ സന്ദർഭത്തിൽ ഒരു ചെറിയ ഉദാഹരണം ഇവിടെ ഞാൻ പറയാം. ഒരു ബ്രാഹ്മണൻ ഒരു കാര്യത്തിനു് വേറെ ഒരാളുടെ ആവശ്യപ്രകാരം ഒരു പൂജചെയ്തു. എന്നാൽ പൂജ ചെയ്യുവാൻ ആവശ്യപ്പെട്ട ആൾ അതിനുള്ള കൂലി കൊടുത്തില്ല. കൂലി കൊടുക്കാത്തതുകൊണ്ടു് ബ്രാഹ്മണൻ അതു കിട്ടുന്നതിനു കേസു കൊടുത്തു. ആ കേസു് അപ്പീലിനായി ഹൈക്കോടതിയിൽ പോയപ്പോൾ പൂജ ചെയ്യിച്ചാളുടെ വക്കീൽ ഇപ്രകാരം വാദിച്ചു. ആ വക്കീൽ നമ്മുടെ ബഹുമാനപ്പെട്ട തുഞ്ചിവപേരുർ ഈഴവമെമ്പറെപോലെ വളരെ ബലമായി വാദിക്കുന്ന ഒരു അഡ്വക്കേറ്റായിരുന്നു. അദ്ദേഹം വാദിച്ചതു് പൂജ നടത്തുന്നതിനു് ഫലമുണ്ടെന്ന വിശ്വാസമുണ്ടോ, പൂജചെയ്തുകൊണ്ടു് വിചാരിച്ചകാര്യം സാധിക്കുമെന്നതിനു് തെളി

LIBRARY ARCHIVES Kerala Legislative Assembly

വെന്താണ്, പൂജകൊണ്ടു പ്രയോജനമില്ലാത്തതിനാൽ അതിനു് പണംകൊടുക്കുന്നതു് ശരിയാണോ?

ഈ വാദം കേട്ടു് മഹാനായ ജഡ്ജി Sir M. Coutts Trotter, —all glory to his name—പറഞ്ഞു, വിശ്വാസം ശരിയാണൊ അല്ലയൊ എന്നു് പറയുവാൻ അദ്ദേഹം ശക്തനല്ല എന്നു്, ആരോ പറഞ്ഞതുപോലെ "Where angels fear to tread, fools rush in" ആരാധനകൊണ്ടു് ഫലമില്ല എന്നുള്ളതു് എനിക്കു പറയുവാൻ തരമില്ല എന്നു അദ്ദേഹം പറഞ്ഞു. ആമാതിരി ശാസ്ത്രത്തിലും വേദത്തിലും പറഞ്ഞിട്ടുള്ളതു് തെറ്റാണെന്നു് പറയുവാൻ ധൈര്യമുള്ള ആളുകൾ അത്രമില്ല. കുറെ ആളുകൾ ഒരു കാര്യത്തിൽ വിശ്വസിക്കുന്നുവെങ്കിൽ നാം അവരെ ഉപദ്രവിക്കേണ്ട ആവശ്യമില്ല. അങ്ങിനെയിരിക്കെ ഈ നിയമ സഭയെസംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ഈ വക സന്ദർഭങ്ങളിൽ, ഓരോ കമ്മ്യൂണിറ്റിയെ ബാധിക്കുന്ന ബില്ലൊ മറ്റൊ വരികയാണെങ്കിൽ അതാതു സമുദായക്കാരുടെ ഇഷ്ടംപോലെ നടന്നുകൊള്ളട്ടെ എന്ന കൺവെൻഷനായിരുന്നു നാം ഇതുവരെ സ്വീകരിച്ചിരുന്നതു്. ഇവിടെ നമ്പൂതിരിബിൽ, നായർബിൽ, തീയ്യാബിൽ മുതലായതു് വന്ന അവസരത്തിൽ ആ സമുദായക്കാരുടെ യുക്തംപോലെ ആയിക്കൊള്ളട്ടെ എന്നാണു് നിശ്ചയിച്ചതു്. ഞാനും ആ ബില്ലുകൾ ആലോചനക്കു വന്നപ്പോൾ ഈ പ്രിൻസിപ്പിൾവെച്ചാണു് ഇവിടെ സംസാരിച്ചിട്ടുള്ളതു്. ഈകാര്യത്തിൽ ബഹുമാനപ്പെട്ട തുഞ്ചിവപേരൂർ ഈഴവമെമ്പർ ആ പ്രിൻസിപ്പിൾ തെറ്റി സംസാരിച്ചതിൽ എനിക്കു സങ്കടമുണ്ടു്. തീയ്യാബില്ലിന്റെ സെലക്ട്കമ്മിറ്റിയിൽ ഞാനും ഒരു മെമ്പറായിരുന്നു. എനിക്കു ആ ബില്ലിനോടു പ്രത്യേകമായും അഭിപ്രായവ്യത്യാസമുണ്ടായിരുന്നു എങ്കിലും റിപ്പോർട്ടിന്മേൽ ഡിസെന്റിംഗ് മിനിറ്റു് എഴുതാതെ ആ സമുദായക്കാരുടെ ഇഷ്ടംപോലെ ചെയ്യുകൊള്ളട്ടെ എന്നുവെക്കുകയാണു് ഞാൻ ചെയ്തതു്. ന്യൂനപക്ഷമുള്ള സമുദായങ്ങളോടു് ആവിധത്തിൽ പെരുമാറുകയാണു വേണ്ടതെന്നു് ഞാൻ വളരെ ശക്തിയോടുകൂടി വാദിക്കുന്നു. ആ വാദത്തോടു് എല്ലാ സഭാംഗങ്ങളും യോജിക്കുമെന്നു് വിശ്വസിക്കയും ചെയ്യുന്നു.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കൺവെൻഷനോടുകൂടിയാണു് ഞാൻ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു". ബഹുമാനപ്പെട്ട സഭയെ വെറുതെ തെറ്റിദ്ധരിപ്പിക്കേണ്ട.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : ബഹുമാനപ്പെട്ട ലേഡിമെമ്പർ ഈ സഭ എന്റെ തെറ്റിദ്ധാരണയിൽ അകപ്പെടുന്ന ഒരു സഭയാണെന്നാണൊ വിചാരിക്കുന്നതു്? ഒരിക്കലുമില്ല.

അതുകൊണ്ടു് അങ്ങിനെയുള്ള കൺവെൻഷനെ നിലനിറുത്തുവാൻ വേണ്ടിയെങ്കിലും ഈ ബില്ലിനെ ആവശ്യമില്ലാത്ത സമുദായക്കാരുടെ തലയിൽ കെട്ടിവെക്കുന്നതിനെ ഈ സഭ അനുകൂലിക്കരുതു് എന്നു പ്രസ്താവിച്ചുകൊള്ളുന്നു.

ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തോടു ഞാൻ യോജിക്കുന്നുണ്ടു". ബ്രാഹ്മണർക്കു് ഇപ്പോൾ ഈ നിയമം ആവശ്യമുണ്ടെന്നു് ഞാൻ കാണുന്നില്ല. അതുകൊണ്ടു് ആ സമുദായത്തിനു ഈ ബിൽ വേണ്ടാ എന്നു ഞാൻ പറയുന്നതു് സഭ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ബ്രിട്ടീഷിൻഡ്യയിൽ ഈ നിയമം കൊണ്ടുവന്ന അവസരത്തിൽ അവിടെ ഒരു വയസ്സിൽ താഴെയുള്ള വിധവകൾം ധാരാളമുണ്ടായിരുന്നു എന്നു പറഞ്ഞും. അഞ്ചു വയസ്സിനു താഴെയുള്ള വിധവകളും ധാരാളമുണ്ടായിരുന്നു എന്നു പറയുകയുണ്ടായി. എന്നാൽ അങ്ങിനെയുള്ള ഒരു സ്ഥിതി കൊച്ചീരാജ്യത്തു് ഇപ്പോൾ ഇല്ല.

മിസ്റ്റർ ടി. പി. പൌലോസ് : അഞ്ചും ആറും വയസ്സുള്ള വിധവകളെ ഇല്ലാതാക്കാനല്ലേ പതിനാലു വയസ്സു് നിശ്ചയിച്ചിട്ടുള്ളതു് ? അല്ലെങ്കിൽ അതിന്റെ കാരണമെന്താണു് ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : അതിനു പല കാരണങ്ങളുമുണ്ടു്. ബ്രിട്ടീഷിൽ ഒരു നിയമമുണ്ടെന്നു വെച്ചു് അതു് നാം ഇവിടെ പകർത്തണ്ട ആവശ്യമില്ല. ബ്രിട്ടീഷിൻഡ്യയിൽ ആ നിയമം പാസ്സാക്കാനായിട്ടുണ്ടായിരുന്ന ഒരു സ്ഥിതി ഇവിടെയില്ല.

അടുത്തു് തിരുവിതാംകൂറിൽ ഈ മാതിരി ഒരു നിയമം കൊണ്ടുവന്നിട്ടു് തള്ളപ്പെടുകയാണു ചെയ്തതു്. അവിടെ ആ ബില്ലിനു ൪൫ പേർ എതിരായും ൫൫ പേർ അനുകൂലമായും ൫൪ പേർ നൂട്ടറലായും ആണു് വോട്ടുചെയ്തതു്.

മിസ്സിസ്സ് കുഞ്ഞമ്മ എൻ. മേനോൻ : അസംബിളിയിൽ പാസ്സായില്ലേ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : അസംബിളിയിൽ ചില വ്യവസ്ഥകളോടുകൂടിയാണു് പാസ്സായതു്. ബിൽ പാസ്സായി ആറു മാസത്തിനുള്ളിൽ ഈ നിയമത്തിൽ നിന്നു് ഒഴിവു കിട്ടണമെന്നു് അപേക്ഷിക്കുന്ന ബ്രാഹ്മണസമുദായകുടുംബങ്ങൾക്കു exemption കൊടുക്കാമെന്നു വെച്ചിരുന്നു. ഏതെങ്കിലും കുടുംബക്കാർക്കു് ഈ ബില്ലിൽനിന്നു ഒഴിയണമെങ്കിൽ ആറു മാസത്തിനുള്ളിൽ apply ചെയ്താൽ അവർക്കു exemption കൊടുക്കും. അങ്ങിനെ ഈ ബില്ലിലും ഒരു ക്ലോസ്സു് കൊള്ളിക്കാൻ അവതരണകമ്മിറ്റി സമ്മതിക്കയാണെങ്കിൽ ഇതിനെ അനുകൂലിക്കുന്നതിനു എനിക്കു വിരോധമില്ല. നമ്മുടെ അടുത്തു് ഒരു രാജ്യങ്ങളിലും ഇല്ലാത്തതായ ഒരു ബിൽ ഇവിടേയും ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. തിരുവിതാംകൂറും നമ്മുടെ രാജ്യവും തമ്മിൽ ഈ ആചാരങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യാസവുമില്ല. മൈസൂരിലില്ല, പുതുക്കോട്ടയിലില്ല ഈ നിയമം. ഈവക കാരണങ്ങളാൽ ഈ ബില്ലിനെ എതിർക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു.

Dr. A. R. Menon *(Minister for Rural Development)*: What is your honest conviction about this Bill ?

Mr. T. V. Subramania Ayyar *(Nemmara)*: The question is irrelevant, Sir.

* മിസ്റ്റർ കെ. അയ്യപ്പൻ : സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തെപ്പറ്റി ഒന്നും പറയാൻ വിചാരിക്കുന്നില്ല. ഇന്നിവിടെ നടന്ന പ്രസംഗത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. ഈ സഭക്കു ആലോചിക്കുവാനുള്ളതു് ബ്രാഹ്മണസമുദായം ആവശ്യപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാൻ സാധിക്കാത്തതും ഇവിടെയുള്ള ബ്രാഹ്മണസമുദായത്തിലെ ൩ പ്രതിനിധികളും കൂടി യോജിച്ചു് എഴുത്തതുമായ ഈ നിയമം

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കുവാൻ നാം അനുവാദം കൊടുക്കണമോ എന്നുള്ളതാണ്. ഈ നിയമത്തെ അനുകൂലിക്കുകയാണെങ്കിൽ നമ്മുടെ നിയമസഭയിൽ ഇതുവരെ സമുദായങ്ങൾ തമ്മിൽ സൌഹാർദ്ദമായി പെരുമാറുന്നതിനും ഇണക്കമായി എടുത്തുവന്നിട്ടുള്ള കൺവെൻഷനും വലിയ ഉപദ്രവം ചെയ്യുമെന്നാണ് എനിക്കു തോന്നുന്നതു്. ബ്രാഹ്മണസമുദായത്തെയാണ് ഈ ബിൽ അധികമായി ബാധിക്കുക. നായർസമുദായത്തിനേറയും തീയ്യസമുദായത്തിനേറയും മറ്റും സ്ഥിതി നോക്കുകയാണെങ്കിൽ ഒരു ശൈശവവിവാഹ ബില്ലാണ് ആവശ്യമായിട്ടുള്ളതു്.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : എന്നാൽ തീയ്യബില്ലിൽ ഫ്രീ വയസ്സ് വെച്ചിട്ടുള്ളതു് എന്തിനാണു്?

മിസ്റ്റർ കെ. അയ്യപ്പൻ : ബഹുമാനപ്പെട്ട അവതാരകി പറഞ്ഞ ന്യായങ്ങളെ ഒന്നും ഞാൻ എതിർക്കുന്നില്ല.

Mr. President : The hon'ble member wants to speak about the conventions that have been established in this House. I think it is my duty to see that one important aspect of this convention is brought to the notice of this House, because members may not be misled. This subject of convention was the subject of discussion in the Indian Legislative Assembly when a similar Bill was under discussion there. It is generally agreed that, when a Bill merely affects the social and religious customs of a particular community, it would be a good convention in this land where there are so many communal differences that members belonging to other communities should not interfere. But the main point on which members of other communities and the Government of India supported this measure was, that the question of child marriage is not merely a social and religious matter. The State is interested in the health of its citizens and also in public morality, and it was held that, apart from the social and religious aspects of child marriage, there are questions of humanity involved and that it was not proper on humanitarian considerations to allow a child below 14 to marry. It was also a matter for consideration whether the State, whatever may be the communal composition of the Council, has not the vital interest of all its citizens to be taken into consideration. Those two considerations overrode the purely religious and social aspects of this question and caused the Government of India to pass the Bill. I ask the hon'ble members of this House to remember the implications of this convention. In a Bill like the Thiyya Bill where a question of inheritance is involved, no question of humanity or State Interest is involved. It is a matter for the Thiyyas to decide whether the right of inheritance to the property should be given to the son or daughter or others. Therefore there is no reason to urge the adoption of a convention in a Bill of that kind. This Bill has other aspects of a vitally different

LIBRARY ARCHIVES Kerala Legislative Assembly

nature, though social and religious implications are also involved in this.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഈവക സംഗതികൾ ആലോചിക്കാതെയല്ല എന്റെ അഭിപ്രായം പറയാൻ തുടങ്ങിയതു്. ബഹുമാനപ്പെട്ട പ്രസിഡണ്ടുവർകൾ പറഞ്ഞകാര്യങ്ങൾവെച്ചുനോക്കിയാലും ഈ ബില്ലിനെ ബ്രാഹ്മണസമുദായം എതുക്കുമ്പോൾ, നമ്മുടെ നിയമസഭയിൽ പാസ്സാക്കുന്നതിനു് അനുവദിക്കാൻ പാടില്ലെന്നാണു് എന്റെ ബലമായ അഭിപ്രായം. പ്രസിഡണ്ടുവർകൾ പറഞ്ഞകാരണം ഹെൽത്തിനെ affect ചെയ്യുമെന്നുള്ളതാണു്. അതുമാത്രമല്ല ഇതിന്റെ പ്രിൻസിപ്പിൾ. ഇതു് പ്രയോഗത്തിൽ വന്നാൽ അതുകൊണ്ടുവരാവുന്ന ഫലങ്ങളുംകൂടി നാം നോക്കണം. ഇതു പ്രയോഗത്തിൽ വരുന്നതുകൊണ്ടു് വരാവുന്നദോഷമെന്തുണ്ടെന്നൊ, ഗുണമെന്തുണ്ടെന്നൊ, നോക്കുകയാണെങ്കിൽ, കൊച്ചിയെ സംബന്ധിച്ചിടത്തോളം ഈ നിയമമില്ലെന്നു വിചാരിച്ചാൽ തന്നെ, കൊച്ചിയിലെ ജനങ്ങളുടെ ആരോഗ്യം നശിപ്പിക്കത്തക്കവിധത്തിൽ പരിതാപകരമായ ഒരു സ്ഥിതി വരാനില്ല. അഥവാ വന്നാൽതന്നെ അതുവളരെ നിസ്സാരവുമായിരിക്കും. നേരെമറിച്ചു് പൊതുജനങ്ങളുടെ ആരോഗ്യം നശിക്കുന്നതിനേക്കാൾ നാം പ്രത്യേകമായി നോക്കേണ്ടതു്. ഇവിടെ പണിചെയ്തുവന്നിട്ടുള്ള ഹെൽത്തികൺവെൻഷന്റെ ആരോഗ്യമാണു്. ബ്രിട്ടീഷിന്ത്യയിലെ മാതിരി സ്റ്റാറ്റിറ്റിക്സ്കൂടി ഈ ബിൽ ഇവിടെ കൊണ്ടുവന്നിരുന്നു എങ്കിൽ ഞാൻ ഇതിനെ ബലമായി പിന്താങ്ങുമായിരുന്നു. പരമാർത്ഥം പറയുകയാണെങ്കിൽ ഇവിടെ ബ്രാഹ്മണസമുദായത്തിൽ അധികം വിധവകളില്ല.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: വിധവകളില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ചൈൽഡ് വിധവകളില്ല. ഇതിനു പുറമെ ബഹുമാനപ്പെട്ട നെമ്മാറമെമ്പർ ഒരു കോമ്പ്രൈമൈസിനു് തയ്യാറാണെന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു് ഞാൻമനസ്സിലാക്കി. ബഹുമാനപ്പെട്ട പ്രസിഡണ്ടു് അവർകൾ ചൂണ്ടിക്കാണിച്ചതായ ആവശ്യം നിറവേറ്റണം, ബ്രാഹ്മണസമുദായത്തിനുണ്ടാകാവുന്ന സങ്കടങ്ങളെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പരിഹരിക്കാനും സാധിക്കത്തക്ക നിലയിലുള്ള ഒരഭിപ്രായം ഞാൻ ഇവിടെ പറയാം. എന്തെന്നാൽ രണ്ടുമൂന്നു വ്യവസ്ഥകൾകൂടി ഇതിൽ ചെക്കണം. അങ്ങിനെയായാൽ ബഹുമാനപ്പെട്ട നെമ്മാറ മെമ്പർ സ്വീകരിക്കാൻ തയ്യാറാണോ?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഒരു യോജിപ്പിനു ഞാൻ തയ്യാറാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: മനസ്സില്ലാത്തവരെ ഈ ബില്ലിൽനിന്നൊഴിവാക്കുക. ഇപ്പോൾ ചിലർ പറയുന്നതു്, ബ്രാഹ്മണസമുദായത്തിൽ വളരെയാളുകൾ ഇതിനനുകൂലികളാണെങ്കിലും, വേറെചില പ്രേരണകളെ ഭയന്നു് അവരുടെ അഭിപ്രായം പുറത്തുപറയുന്നില്ല എന്നാണു്. അങ്ങിനെയുള്ളവർക്കു ഒരു രക്ഷ കൊടുക്കുന്നതിനുവേണ്ടിയെങ്കിലും അതു ചെയ്യണം. അതുകൊണ്ടു് ഇവരെല്ലാം പറയുന്നതു് എത്രത്തോളം പരമാർത്ഥമാണെന്നറിവാൻ സാധിക്കും. മനസ്സുള്ളവർ എടുത്തുകൊള്ളട്ടെ. മനസ്സില്ലാത്തവരെ ഇതിൽനിന്നൊഴിവാക്കുക. അങ്ങിനെ ചെയ്താൽ ബഹുമാനപ്പെട്ടമെമ്പർ ഇതിനോടു യോജിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: മനസ്സില്ലാത്തവക്ക് ഇതു വേണ്ട; മനസ്സുള്ളവർ എടുത്തുകൊള്ളട്ടെയെന്നു പറയുന്നതു് എനിക്കു സമ്മതമാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതുകൊണ്ടു് വളരെ ബുദ്ധിമുട്ടുള്ള ആളുകൾ കൂടി ഈ നിയമം പാസ്സാക്കിയാൽ അതിൽ നിന്നൊഴിവാക്കാൻ അപേക്ഷ കൊടുക്കാൻ ഇടയുണ്ടാകുകയില്ല.

Mr. President : When this Bill is passed into law those who are willing may abide by it and those who do not want to observe it need not observe it. That will be the position according to what you say.

മിസ്റ്റർ കെ. അയ്യപ്പൻ: ഇങ്ങിനെയുള്ള എക്സംപ്ഷൻ കൊടുക്കുന്നതു് ഇത്രകാലത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്കേ പാടുള്ളൂ എന്നുവെക്കണം.

അതു വെച്ചാൽ ഇതു പാസ്സാക്കുന്നതുകൊണ്ടു വരാവുന്ന ഗുണം വരുമെന്നാണു് ഞാൻ പറയുന്നതു്. തിരുവിതാംകൂറിൽ ഈഴവാദി മരുമക്കത്തായത്തിൽനിന്നു് മക്കത്തായത്തിലേക്കു വരുത്തുന്ന ഒരു ലജിസ്ലേഷൻ പാസ്സാക്കിയപ്പോൾ അതിനു മനസ്സില്ലാത്തവർ മരുമക്കത്തായം തന്നെ തുടരാൻ, അതായതു് "ഈ നിയമത്തിൽനിന്നൊഴിവാക്കാൻ ഒരു ക്ലിപ്തകാലത്തിനുള്ളിൽ അപേക്ഷിച്ചാൽ അങ്ങിനെ ചെയ്യാമെന്നു", അങ്ങിനെ ചെയ്യാൻ അനുവദിക്കാമെന്നു്, ഒരു വ്യവസ്ഥ വെച്ചിരുന്നു. പക്ഷെ അവിടെ ആരും ആ ലജിസ്ലേഷനെതിരായി പോകാവാനുണ്ടായിരുന്നില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ആ നിയമവും ഈ നിയമവും തമ്മിലുള്ള വ്യത്യാസം പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഒരു ദൃഷ്ടാന്തം പറഞ്ഞു എന്നു മാത്രമേയുള്ളൂ. ഒഴിയാൻ അനുവാദം കൊടുത്താൽ തന്നെ അവർ ഒഴിയാൻ അപേക്ഷിക്കുകയില്ലെന്നാണു് അതുകൊണ്ടു വരുന്നതു്.

മിസ്റ്റർ ടി. പി. പൌലോസ്: ഒരാളെ ഇതിൽനിന്നൊഴിവാക്കാമെങ്കിൽ ആരാണു് അപേക്ഷിക്കേണ്ടതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അപേക്ഷിക്കേണ്ടതു് ആരാണെന്നു നമ്മൾ തീർച്ചയാക്കണം.

മിസ്റ്റർ ടി. പി. പൌലോസ്: ആരെല്ലാം അപേക്ഷിച്ചാൽ ഒരാളേയോ അല്ലെങ്കിൽ ഒരു കുടുംബത്തേയോ ഇതിൽനിന്നൊഴിവാക്കാൻ സാധിക്കും?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനു് ആ വകുപ്പു വെക്കുമ്പോൾ ആലോചിക്കാം. എന്തായാലും ഈ ബില്ലിന്റെ തത്വത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇതിനെ എതിർക്കുന്നതിനു് ശാസ്ത്രങ്ങളും പുരാണങ്ങളും കൊണ്ടുവന്നതുകൊണ്ടു പ്രയോജനമില്ല. അതിനു് എത്ര ശ്ലോകം ചൊല്ലിയാലും ശരിയാകുകയില്ല. ശ്ലോകം ചൊല്ലിയാൽ പ്രകരം ശ്ലോകം ചൊല്ലുകയും ചെയ്യും. ഈ നിയമം അധികം ബാധിക്കുന്നതു് ബ്രാഹ്മണരെയാണു്; അവർ ഇതാവശ്യപ്പെട്ടുന്നില്ല. അതുകൊണ്ടു് കൌൺസിൽ ഇതാലോചിച്ചുവേണം പാസ്സാക്കാൻ. എന്റെ സ്വന്ത അഭിപ്രായം പറയുകയാണെങ്കിൽ ഇതിനെ പാസ്സാക്കിക്കൊടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് വേണ്ടതെന്നാണ്. എന്തെല്ലാം കാര്യങ്ങളിൽ ഓരോ നിയമങ്ങൾ സൃഷ്ടിച്ചു് മറ്റുള്ള സമുദായങ്ങളെ ബ്രാഹ്മണസമുദായം കീഴടക്കിയിരിക്കുന്നു. അതുകൊണ്ടു് അവർക്കും ഒരുപദ്രവമുണ്ടാകട്ടെയെന്നു വിചാരിച്ചു് ഇതു പാസ്സാക്കുകയാണു് നല്ലതു്.

മിസ്റ്റർ ടി. വി സുബ്രഹ്മണ്യയ്യർ: ഈ ബിൽ പാസ്സായാൽ ഞങ്ങൾക്കു് ഒരു ഗുണവുമില്ലെങ്കിൽ ഇതിനെ പാസ്സാക്കാൻ അനുകൂലിച്ചു നിങ്ങൾതന്നെ നശിച്ചുപോകുകയല്ലേ നല്ലതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാനും അതുതന്നെയാണു് പറയുന്നതു്. പല നിയമങ്ങളും എഴുതിവെച്ചു് മറ്റുള്ളവർക്കു് ഉപദ്രവങ്ങളുണ്ടാക്കിയ അവർക്കു് ഒരു ഗുണവുമില്ലാത്ത ഈ ബിൽ പാസ്സാക്കി ഉപദ്രവമുണ്ടാക്കുകയാണു് വേണ്ടതു്. വാസ്തവം പറയുന്നതായാൽ വെറും പരിചയം മാത്രം വെച്ചു നോക്കിയാലും ഇതാവശ്യമാണെന്നു തോന്നുന്നില്ല.

പിന്നെ ഈ ബിൽ പാസ്സാക്കിയാൽ പാസ്സാക്കുന്നവർ നരകത്തിൽ പോകുമെന്നു് ഒരാൾ ഇവിടെ പറഞ്ഞുകേട്ടു. അതു കേട്ടപ്പോൾ ഈ ബില്ലിനെ അനുകൂലിക്കുകയാണു് നല്ലതു് എന്നെനിക്കു തോന്നി. എന്തെന്നാൽ സ്ഥലം തരിശായി കിടക്കുകയാണു്. ഞാൻ അവിടെ ചെന്നാൽ തന്നെ എന്റെ കൂട്ടുകാർ ആരും തന്നെ അവിടെയുണ്ടാകുകയില്ല. യേശുക്രിസ്തുവിനേയൊ, ബുദ്ധനേയൊ, മുഹമ്മദ് നബിയേയൊ നാരായണഗുരുസ്വാമിയേയൊ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഞാൻ അവിടെ ചെന്നാൽ അവരുടെ അടുക്കൽ കയ്യും കെട്ടി നില്ക്കേണ്ടിവരും. എന്റെ സ്നേഹിതൻ മിസ്റ്റർ ടി. കെ. നായരേയും മറ്റും അവിടെ കാണുകയില്ല. അതുകൊണ്ടു് ഇതുകേട്ടപ്പോൾ നരകത്തിൽ പോകാനായിട്ടെങ്കിലും ഈ ബില്ലിനെ അനുകൂലിച്ചാൽ തരക്കേടില്ലെന്നു് എനിക്കു തോന്നി. വല്ലപ്രകാരത്തിലും അവിടെ പോകുകയാണെങ്കിൽ അവിടേയും ഒരു പ്രോഗ്രസ്സീവ് പാർട്ടി രൂപീകരിക്കാമല്ലൊ.

പ്രസിഡെണ്ടുവർകും മൂന്നിക്കാണിച്ച ശക്തിമത്തായ കാരണങ്ങളുണ്ടെങ്കിൽതന്നെയും ഇങ്ങനെയുള്ള ഒരു സോഷ്യൽ ലജിസ്ലേഷൻകൊണ്ടു് വെറുതെ അനാവശ്യമായ തർക്കങ്ങൾക്കിടയാകുമെന്നാണു് എനിക്കു പറയാനുള്ളതു്. അനാവശ്യമായ ധാരാളം വിഷമങ്ങളാണു് ഈ നിയമം വരുമ്പോൾ ഉണ്ടാകാൻ പോകുന്നതു്. സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെയുള്ള സ്വാതന്ത്ര്യം കൊടുക്കണമെന്ന അഭിപ്രായക്കാരായ നായന്മാർ തീയ്യ ബില്ലിൽ അവർക്കനുകൂലമായ ഭേദഗതി കൊണ്ടുവന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞു, ഞങ്ങളുടെ ബില്ലിൽ ഞങ്ങൾക്കു വേണ്ടകാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം എന്നു്. അവർ അതുസമ്മതിക്കുകയും ചെയ്തു. അതുകൊണ്ടു് സമുദായത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ വരുമ്പോൾ, പ്രസിഡെണ്ടുവർകും മൂന്നിക്കാണിച്ചതുപോലുള്ള കാരണങ്ങൾ ഇരുന്നാൽതന്നെയും, ഇതു പാസ്സാക്കിയെന്ന കാരണത്താൽ ബ്രാഹ്മണസമുദായത്തിലെ മെമ്പർമാർ ആ വിരോധംവെച്ചു് ഞങ്ങളോടു് എതിരിനു പുറപ്പെടുന്നതായിരിക്കും.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഞങ്ങൾ ഒരെതിരിനും പുറപ്പെടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെയൊന്നുണ്ടാകയില്ലെങ്കിൽ പ്രസിഡെണ്ടവർകൾ പറഞ്ഞ തത്വത്തോട് നിങ്ങളുംകൂടി മനസ്സാലിച്ച് പാസ്സാക്കുകയാണ് വേണ്ടത്. ഭരണകൊണ്ട് എനിക്ക് പറയാനുള്ളത്, നിയമസഭയിലെ ഈ വാദപ്രതിവാദം കഴിഞ്ഞതേഷം ഭൂരിപക്ഷം ആളുകളും മേന്മ് യോജിപ്പോടുകൂടിയുള്ള ഒരു ബിൽ, ഇതു് ഏതു സമുദായത്തെ അധികമായി ബാധിക്കുന്നുവോ അവക്ക് ഗുണകരമായിട്ടുള്ള ഒരു ബിൽ ഇവിടെ പാസ്സാക്കുകയാണ് നല്ലതെന്നാണ്.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: നമ്പൂതിരി ബിൽ ഇവിടെ അവതരിപ്പിച്ചതു് മിസിസ്സ് പവിത്രനല്ലേ?

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: അതു് നമ്പൂതിരിമാരുടെ ആവശ്യപ്രകാരം അവതരിപ്പിച്ചതാണ്.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ ബിൽ ഇവിടെ ബഹുമാനപ്പെട്ട ലേഡി മെമ്പർ അവതരിപ്പിച്ചതിൽ എനിക്ക് വിരോധമില്ല. അവർ തന്നെയാണ് അവതരിപ്പിക്കേണ്ടതു്, സ്ത്രീകളെ സംബന്ധിക്കുന്ന കാര്യമായതുകൊണ്ട്. അവർതന്നെയാണ് ഇതു ഇവിടെകൊണ്ടുവരേണ്ടതു്.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: ബ്രാഹ്മണസ്ത്രീകൾ പറഞ്ഞിട്ടതന്നെയാണ് ഞാൻ ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു് ബഹുമാനപ്പെട്ട ലേഡിമെമ്പർ അവതരിപ്പിച്ച കാര്യത്തിൽ എനിക്ക് യാതൊരു വിരോധവുമില്ലെന്ന് പറഞ്ഞല്ലൊ.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: എന്നാൽ ഇതിൻറെ കൺവെൻഷനും സാധുമായിയെന്നാണ് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഉദ്ദേശിച്ച കൺവെൻഷൻ വന്നിട്ടില്ല.

The House rose for lunch at 1 p.m. and re-assembled at 2-30 p.m. with the Hon'ble Deputy President in the Chair.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ പ്രസിഡണ്ട് സർ, ഇതു പ്രക്ഷോഭകരമായിട്ടുള്ള വാദപ്രതിവാദം ഉണ്ടായ ബില്ലിനെക്കുറിച്ച് ഒരു വാദപ്രതിവാദത്തിൽ പ്രവേശിക്കുവാൻ എനിക്ക് കുറച്ച് പരിഭ്രമമുണ്ട്. ഈ ബില്ലിനെതിരായിട്ടുള്ള പ്രക്ഷോഭണം മുഴുവൻ നമ്മുടെ നാട്ടിലെ ബ്രാഹ്മണരെ ബാധിക്കുന്ന ഒരു ബില്ലാണ്; ബ്രാഹ്മണ സമുദായത്തിനു ഇതു് ആവശ്യമുണ്ടെന്ന് തെളിവെടുത്തിട്ടില്ല; ഈ നിയമസഭയിൽ ബ്രാഹ്മണരായിട്ടുള്ള പ്രതിനിധികൾ എല്ലാവരും ഇതിനെ എതുക്കുന്നുണ്ട്; അങ്ങിനെയിരിക്കുമ്പോൾ ഇങ്ങിനെ ഒരു ബിൽ എന്തിനു് അവരുടെ തലയിൽ കെട്ടിവെക്കുന്നുവെന്നാണ്. എനിക്ക് ആദ്യമായിട്ട പറയുവാനുള്ളതു്. ഇതു് ബ്രാഹ്മണസമുദായത്തെ ബാധിക്കുന്ന ഒരു ബിൽ അല്ല എന്നാണ്. ഇതു് ബാലികമാരുടെ വിവാഹത്തെ, ബാലികമാരെ വിവാഹംചെയ്തുകൊടുക്കുന്ന സമ്പ്രദായത്തെ, തടയുന്ന ഒരു ബില്ലാണ്. (ഹിയർ, ഹിയർ) ആ സമ്പ്രദായം നിലവിലിരിക്കുന്ന സമുദായം ബ്രാഹ്മണസമുദായവും കൂടി ആണെന്നുള്ളതു് വാസ്തവമായിരി

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ക്കാം. ബ്രാഹ്മണസമുദായം കൂടാതെ മറ്റു പല സമുദായങ്ങളും ഈ ബില്ലിനോട് ബാധിക്കപ്പെട്ടവരുണ്ട്. ഈ ബില്ലിന്റെ ഇതിനുമുമ്പിലത്തെഘട്ടത്തിൽ ഞാൻ ചെയ്ത പ്രസംഗത്തിൽ തമിഴ ബ്രാഹ്മണ സമുദായത്തിനു് ആക്ഷേപകരമായിട്ടുള്ള ചില പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടെന്നും, അതു് ആ സമുദായത്തിനു് വളരെ ആക്ഷേപത്തേയും വേദനയേയും ഉണ്ടാക്കുന്നതാണെന്നും എന്നോടു് എന്റെ ചില മാന്യ സ്നേഹിതന്മാർ പ്രസ്താവിക്കയുണ്ടായി. എന്റെ മാന്യസ്നേഹിതന്മാരായവരിൽ ആരെങ്കിലും ഈ കാര്യത്തിൽ വേദനയുണ്ടാകണമെന്നു് എനിക്കു് തീരെ വിചാരമുണ്ടായിരുന്നില്ല. നിയമസഭയിൽ അത്യുദ്വേഗജനകമായ വാദപ്രതിവാദം നടക്കുന്ന അവസരങ്ങളിൽ മലയാള ഭാഷയിൽ ചെയ്യുന്ന ഒരു വാചാപ്രസംഗത്തിൽ ....

മിസ്റ്റർ കെ. അയ്യപ്പൻ: മലയാളഭാഷയിൽ നല്ല സ്വാധീനമുള്ള ഒരാൾ ചെയ്യുന്ന പ്രസംഗത്തിൽ—

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലഘുവായിട്ടുള്ള അർത്ഥവ്യത്യാസങ്ങളെ വരുത്തുവാൻ വളരെ വിഷമമേറിയ ഒരു വാചാപ്രസംഗത്തിൽ അവിചാരിതമായി ചെയ്തിട്ടുള്ള ചില പ്രസ്താവനകൾ പിന്നീടു് എന്റെ മാന്യസ്നേഹിതന്മാരിൽ ആർക്കെങ്കിലും വേദനയെ ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ ഏറ്റവും മനസ്താപത്തോടുകൂടി ഖേദിക്കുന്നുവെന്നു് എനിക്കു് എവിടെവെച്ചു് ഏതവസരത്തിൽ ആ പ്രസ്താവന ചെയ്യുവാൻ ഇടയായെന്നും അവിടെവെച്ചു് അതേ അവസരത്തിൽതന്നെ വീണ്ടും പ്രസ്താവിക്കുന്നു. അതുകൊണ്ടു് ഞാൻ ഈ ബില്ലിനനുകൂലമായി വീണ്ടും ചെയ്യുവാൻപോകുന്ന പ്രസ്താവനകൾ എന്റെ മുൻ പ്രസ്താവനകളെ വിസ്തരിച്ചുകൊണ്ടു് കേൾക്കണമെന്നു് നിങ്ങളോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഈ നിയമസഭയിൽ ഉണ്ടായിട്ടുള്ള ഈവക കൺവെൻഷനെ പുലർത്തുന്നതിൽ വളരെ ശ്രദ്ധയുള്ള എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ പ്രസ്താവിച്ച സംഗതികൾക്കു് സമുചിതമായ മറുപടി മിവാൻ പ്രസിഡണ്ടവർകളിൽനിന്നും കിട്ടിക്കഴിഞ്ഞുവെന്നു് ഞാൻ വിശ്വസിക്കുന്നു. ഞാൻ വീണ്ടും പ്രസ്താവിക്കുന്നു, ഈ വക കാര്യങ്ങളിൽ വിവിധ ജാതികളടങ്ങിയ ഒരു നിയമസഭക്കു് നിയമനിർമ്മാണംചെയ്യുവാനുള്ള അധികാരം മാറിക്കൊടുത്തോ ദ്യം ചെയ്യാൻ പാടുള്ളതല്ലാ എന്നു്. ആ അധികാരത്തെ ചോദ്യം ചെയ്താൽ തീർച്ചയായിട്ടും പുരോഗമനോന്മുഖമായിട്ടുള്ള നിയമങ്ങളെ നിർമ്മിക്കുന്നതിനു് തടസ്സമായിത്തീരുന്നതാണു്. ഇവിടെ ബ്രാഹ്മണസമുദായത്തിൽനിന്നു് വന്നു ചേർന്നിട്ടുള്ള മാന്യ പ്രതിനിധികളും ആരുംതന്നെ ബ്രാഹ്മണസമുദായത്തിന്റെ പ്രതിനിധികളല്ല. അവർ ബ്രാഹ്മണസമുദായത്തിന്റെ നിയമനിർമ്മാണത്തിനുവേണ്ടി എത്രമാത്രം ഈ നിയമസഭയിൽ പ്രതിനിധീകരിക്കുന്നുവോ അതുപോലെതന്നെ ഞാനും മിസ്റ്റർ അയ്യപ്പനും ഈ ബില്ലിന്റെ അവതാരകയും പ്രതിനിധീകരിക്കുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ: മിസ്റ്റർ അയ്യപ്പനും ബ്രാഹ്മണരെ പ്രതിനിധീകരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടെന്നാണു് എന്റെ വിശ്വാസം.

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ടെന്നുപറഞ്ഞാൽ സമ്മതിക്കാൻ മാർഗമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമോനോൻ: ഈ നിയമനിർമ്മാണങ്ങളും മറ്റും നിയമസഭയിൽ പ്രതിനിധികളെ ഉണ്ടാക്കുന്നതിനുവേണ്ടി നാം കണ്ടുപിടിച്ചുവെച്ചിട്ടുള്ള ഒരു സമ്പ്രദായം മാത്രമാണു്. ഒരിക്കൽ ഈ നിയമസഭയിൽ പ്രവേശിച്ചതിനുശേഷം നിയമം അനുവദിക്കുന്നിടത്തോളം നിയമനിർമ്മാണം ചെയ്യുവാനുള്ള അധികാരം ഓരോരുത്തരിലും നിക്ഷിപ്തമായിട്ടുള്ളതാണു്. മിസ്റ്റർ അയ്യപ്പൻ പറഞ്ഞതു് ചെറുതായിട്ടുള്ള ചില കൺവെൻഷനെല്ലാം ഉല്ലംഘിക്കുവാൻ നമുക്കു് ചുമതലയുണ്ടെന്നാണു്. എന്നാൽ നമ്മുടെ സംസ്കാരത്തിനും നമ്മുടെ രാജ്യത്തിന്റെ പുരോഗമനത്തിനും ആവശ്യമാണെന്നതോന്നുന്ന ഒരു നിയമനിർമ്മാണത്തിൽ ചില സമുദായങ്ങളിൽനിന്നു് ചില ആക്ഷേപ പ്രകടനങ്ങളുണ്ടാവുകയാണെങ്കിൽ അതുകൊണ്ടുമാത്രം നിയമനിർമ്മാണത്തെ തടയുവാൻ ആ കൺവെൻഷൻ അനുവദിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഈ ബിൽ സക്കുലേഷന്നയച്ചവസരത്തിൽ ആ മോഷനെ ഞാനെതിർത്തുവെങ്കിലും അയച്ചതു് വാസ്തവത്തിൽ നന്നായിട്ടുണ്ടെന്നാണു് ഞാൻ പറയുന്നതു്. സക്കുലേഷൻ അനുസരിച്ചു നമുക്കു കിട്ടീട്ടുള്ള അഭിപ്രായങ്ങൾ ഈ ബില്ലിനു് ഏറ്റവും അനുകൂലമായിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. ഇവിടെ വന്നിട്ടുള്ള അഭിപ്രായങ്ങൾ നോക്കിയതിൽ ഭൂരിപക്ഷം ഈ വിഷയത്തെക്കുറിച്ചു ഈ നിയമസഭയിലേക്കു് അയച്ചിട്ടുള്ള അഭിപ്രായങ്ങളിൽ വച്ചു ഭൂരിപക്ഷം വളരെ ശക്തിയായ അനുകൂലമാണു് ഈ ബില്ലിനോടു് പ്രകടിപ്പിച്ചിട്ടുള്ളതെന്നു കാണുന്നുണ്ടു്. ആ ഭൂരിപക്ഷം അഭിപ്രായങ്ങളിൽ വ്യക്തികളുടേയും, സംഘങ്ങളുടേയും അഭിപ്രായങ്ങൾ ഉൾപ്പെട്ടിട്ടുണ്ടു്. അതിനെതിരായി പലരും അയച്ചിട്ടുള്ള അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ നിയമസഭയിൽ ഒരുത്തൻപോലും ഈ ബില്ലിനെ എതിർക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല. നീണ്ട അഭിപ്രായങ്ങൾ സംസ്കൃതശ്ലോകങ്ങളുദ്ധരിച്ചുകൊണ്ടു് കിട്ടീട്ടുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി ഈ ബില്ലിനെ എതിർപ്പാൻ ആരും ഒരുങ്ങുമെന്നു എനിക്കു് തോന്നുന്നില്ല.

ഇതു്, ഈ ബില്ലിനെ എതിർത്ത എന്റെ സ്നേഹിതന്മാർ പറഞ്ഞ അഭിപ്രായങ്ങളിൽ ചിലതെല്ലാം ആലോചിക്കേണ്ട ഒരു സന്ദർഭമാണെന്നും ഞാൻ വിചാരിക്കുന്നു. സനാതനധർമ്മത്തിനു വിരുദ്ധമാണു്, പൂർവ്വികമായ ആചാരങ്ങളാണു്, ആ ആചാരങ്ങളെ നിഷ്കർഷചെയ്യുന്നതു് വളരെ തെറ്റാണു്, ധാർമ്മികചക്രവർത്തിവാണരുളുന്ന ഈ രാജ്യത്തു് ഈവിധത്തിൽ അധർമ്മപരമായ നിയമങ്ങൾ നടപ്പിൽവരുത്തുവാൻ ശ്രമിക്കരുതു് എന്നാണവർ പറയുന്നതു്. ധാർമ്മികചക്രവർത്തിയുടെ ധർമ്മബോധം ഈ നിയമത്തെ നമ്മുടെ നിയമസംഹിതയിൽ കൊള്ളിക്കുന്നതിനു് അദ്ദേഹത്തെ ഈ പ്രസ്താവനകൾ വളരെ ശക്തിയായി പ്രേരിപ്പിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. മനുസ്മൃതിയും മറ്റു സ്മൃതികളുമെല്ലാം ഇന്ത്യയിലെ ചിന്തകന്മാരും ഇന്ത്യയിലെ സാമുദായികവ്യവസ്ഥകളെക്കുറിച്ചു് ചർച്ചചെയ്തിട്ടുള്ളവരുമായ ആളുകൾ ജീവിച്ചിരുന്ന ഒരു കാലത്തു് ഉണ്ടായിട്ടുള്ള നിയമങ്ങളാണു്. ആ കാലത്തു് കാലാനുസരണമായ നിലയിൽ സാമുദായികമായ മാറ്റങ്ങൾ ഇന്ത്യയിലെ ജനങ്ങളുടെ ഇടയിൽ ആ മഹാപണ്ഡിതന്മാർ വരുത്തിക്കൊണ്ടിരുന്നു. അതിനുശേഷം ഇന്ത്യയിലെ ഹൈന്ദവസംസ്കാരത്തിനു് നിർഭാഗ്യവശാൽ വന്നുകൂടിയ അധഃപതനത്തിന്റെ ഫലമായി നമ്മുടെ നാട്ടിലെ ചില സംസ്കാരങ്ങളെല്ലാം ഉറങ്ങുവാനോ, മരിക്കുവാനോ തുടങ്ങി. അനേക നൂറ്റാണ്ടുകൾ അങ്ങിനെ കഴിഞ്ഞതിനുശേഷം പാശ്ചാത്യസമ്പർക്കംമൂലം ഇന്ത്യ ഉണർന്നുവരികയാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് ചെയ്യുന്നതു്. ഒരു രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പുവരെ ഇന്ത്യയിലെ സാമുദായികവ്യവസ്ഥകൾ അങ്ങിനെ വളർന്നുവന്നതിനുശേഷം, നിർഭാഗ്യവശാൽ അടുത്ത കാലത്തു അതിനു് ഒരു തടസ്സം സംഭവിച്ചു. അതിൽ പിന്നീടു് യാതൊരു കായ്ക്കൾക്കും വളച്ചുയില്ലാതെ, പഴയ ശ്ലോകങ്ങളെ അങ്ങിനെതന്നെ പകർത്തുന്ന നമുക്കു് കിട്ടേണ്ട വളച്ചു് മുഴുവനും കിട്ടികഴിഞ്ഞുവെന്നു് വിചാരിക്കുന്ന ഒരു സ്ഥിതിയിലെത്തിച്ചേർന്നു. അങ്ങിനെ എത്തിച്ചേർന്നതിന്റെ ഫലമായിട്ടു് നാം ആ പഴയ സംസ്കൃതശ്ലോകങ്ങൾക്കു് വ്യാഖ്യാനമെഴുതുവാനും, ആ വ്യാഖ്യാനത്തിനു് ടിപ്പണിയെഴുതുവാനും ടിപ്പണിക്കു് ടീകയെഴുതുവാനും ടീകക്കു ടിപ്പണിയെഴുതുവാനും ഉള്ള നിലയിൽ എത്തിച്ചേർന്നു. പുതിയതായിട്ടു് യാതൊരു സാമുദായികനിയമങ്ങളും വരുത്തുവാനില്ലെന്നും ശാസ്ത്രത്തിലോ സ്മൃതിയിലോ, വിജ്ഞാനങ്ങളിലോ നാം എത്തേണ്ട ഉന്നതികളിതു നമുക്കു് എത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നുമുള്ള വിചാരത്തോടുകൂടി നമ്മുടെയിടയിലെ പണ്ഡിതന്മാരും നമ്മുടെയിടയിലെ ആളുകളും പ്രവൃത്തിച്ചുതുടങ്ങി. അങ്ങിനെ എത്രയോ ശതവർഷങ്ങൾ കഴിഞ്ഞതിനുശേഷം അനേകം ശതവർഷങ്ങൾക്കുമുമ്പു് അന്നത്തെ ജനസമുദായത്തിനു് യോജിച്ച വിധത്തിൽ സ്മൃതികർത്താക്കൾ എഴുതിവെച്ചിട്ടുള്ള ശ്ലോകങ്ങളെ ഉദ്ധരിച്ചാണു് നാം ഇന്നത്തെ ലൗകിക സമ്പ്രദായത്തിനാവശ്യമായ നിയമങ്ങളെ എതിർക്കുവാൻ ശ്രമിയ്ക്കുന്നതു്. ആ ശ്രമം എത്രമാത്രം ആക്ഷേപകരമാണെന്നു ഞാൻ പറയാതെ തന്നെ നിങ്ങൾക്കെല്ലാം അറിയുവാൻ സാധിക്കും.

ഒരു സംഗതി മാത്രം ഞാൻ ഈ നിയമസഭയോടു ചോദിച്ചുകൊള്ളുന്നു. നമ്മുടെ നാട്ടിലെ, ബ്രാഹ്മണസമുദായത്തിൽ പെട്ടതായാലും അബ്രാഹ്മണസമുദായത്തിൽപെട്ടതായാലും മറ്റു ഏതു സമുദായത്തിൽ പെട്ടതായാലും പെൺകുട്ടികൾക്കു വിദ്യാഭ്യാസം കിട്ടുവാനുള്ള അവകാശം ഉണ്ടെന്നോ ഇല്ലെന്നോ നിങ്ങൾ പറയുന്നതു്? പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകൾക്കനുകൂലമായിട്ടുള്ളതും, ആവശ്യമായിട്ടുള്ളതുമായ വിദ്യാഭ്യാസം അവർക്കു കൊടുക്കുവാനുള്ള സൌകര്യമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? സ്ത്രീകൾ കേവലം യന്ത്രങ്ങളെപ്പോലെ സെക്സ് ലൈഫിനു മാത്രം ഉപയോഗമുള്ള ജീവികളാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? സ്ത്രീകളും പുരുഷന്മാരും തമ്മിൽ യോജിച്ചു നില്ക്കുന്നതായ കുടുംബജീവിതം ശരിയായി നടത്തുന്നതിനും, മറ്റും മറ്റും ശൈശവവിവാഹമാണു നല്ലതെന്നുള്ള വാദം കേൾക്കുമ്പോൾ സ്ത്രീകളെ സംബന്ധിച്ചിടത്തോളം കേവലം സെക്സ് ലൈഫ് മാത്രമെ ഉദ്ദേശിച്ചിട്ടുള്ളുവെന്നു നിങ്ങൾ സമ്മതിച്ചുകൊടുക്കുന്നതായി തോന്നിപ്പോകുന്നു! ആ വിധത്തിൽ സ്ത്രീകളെ വിവാഹംചെയ്യിക്കുക, കുട്ടികളെ ഉണ്ടാക്കുക എന്നുള്ള ചുമതല മാത്രമേ ഉള്ളുവെന്നു നിങ്ങൾ സമ്മതിയ്ക്കുന്നപക്ഷം, ആ തത്വത്തെ നിങ്ങൾ അനുകൂലിയ്ക്കുന്നപക്ഷം, അതുമാത്രമാണു് സ്ത്രീകളുടെ ജീവിതത്തിലെ സ്ഥാനമെന്നു നിങ്ങൾ വകവെച്ചുകൊടുക്കുന്നപക്ഷം മാത്രമേ അങ്ങിനെയുള്ള വാദങ്ങളും നിങ്ങൾ വകവെച്ചുകൊടുക്കുവാൻ പാടുള്ളുവെന്നുഞാൻ പറയുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: ഈശ്വരാരാധനയ്ക്കായി പള്ളിയിൽ പോകുവാൻ മുസ്ലീം സ്ത്രീകളെയും അനുവദിച്ചുകൂടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ നിയമം വരുമ്പോൾ നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടു ഈ ശൈശവ വിവാഹം നിർബ്ബന്ധമായി നടപ്പിലിരിക്കുന്നപക്ഷം വിദ്യാഭ്യാസം ചെയ്യുന്നതിനും, വിവാഹാലോചന വരുന്ന അവസരങ്ങളിൽ തന്റേടത്തോടുകൂടി പ്രവൃത്തിക്കുന്നതിനും സ്ത്രീകൾക്കു സാദ്ധ്യമാണോ; വിവാഹം കഴിഞ്ഞതിനുശേഷമുള്ള വിദ്യാഭ്യാസം എത്രമാത്രം സാദ്ധ്യമാണ് എന്നു.....

മിസ്റ്റർ കെ. അയ്യപ്പൻ: ഭർത്താവു് പഠിപ്പിക്കും.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഭർത്താവ് പഠിപ്പിക്കുന്നതു് എന്താണെന്നു് അറിയാമല്ലൊ. (ചിരി)

മിസ്റ്റർ കെ. അയ്യപ്പൻ: ഭർത്താവു് ചെയ്യുന്നതു് എന്താണെന്നു പറഞ്ഞു കേട്ടതിനുശേഷമായിരുന്നുവെങ്കിൽ മറുപടി പറയാമായിരുന്നു.

മിസ്റ്റർ എ. ഇച്ചരമേനോൻ: ഭർത്താവു പഠിപ്പിക്കുമോ?

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: നെല്ലായി മെമ്പറുടെ മകളുടെ പഠിപ്പിന്റെ കാര്യത്തെപ്പറ്റി ഞാൻ മുമ്പു പറഞ്ഞു. പഠിക്കണമെന്നാഗ്രഹമുണ്ടു്. പക്ഷെ ഭർത്താവിന്റെ വീട്ടുകാർ പഠിപ്പിക്കുന്നില്ലയെന്നാണ് അവർ പറഞ്ഞതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശൈശവവിവാഹം നടപ്പിലിരിക്കുന്ന സമുദായങ്ങളിൽ സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസം ധാരാളമായി ഉണ്ടു്. അവരുടെ ഇടയിൽ ഉന്നത വിദ്യാഭ്യാസത്തിനോ മറ്റുവിധത്തിലുള്ള വിദ്യാഭ്യാസങ്ങൾക്കോ സ്ത്രീകൾക്കു സൌകര്യം കിട്ടുന്നുണ്ടോ? അതു വേണ്ടെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ എനിക്കു അതിനെക്കുറിച്ചു് അധികമൊന്നും പറയുവാനില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: വിദ്യാഭ്യാസം എത്രവരെ വേണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൧൨—൧൪ വയസ്സുവരെ വേണം.

മിസ്റ്റർ കെ. അയ്യപ്പൻ: അപ്പോൾ അതുവരെ വിവാഹം പാടില്ലായെന്നു പറയണം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആവക സംഗതികളെക്കുറിച്ചുള്ള കാര്യങ്ങൾ കൂടി ഇതിനെ എടുക്കുകയോ, അനുകൂലിക്കുകയോ ചെയ്യുന്നവർ പറയണമെന്നാണ് ഞാൻ പറയുന്നതു്. പാശ്ചാത്യരാജ്യങ്ങളിലുള്ള ചില ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഇൻഡ്യയിലുള്ള വിവാഹസമ്പ്രദായം വളരെ നല്ലതാണെന്നു് പറഞ്ഞിട്ടുള്ളതിനെ അവസരോചിതമായ വിധത്തിൽ പുസ്തകങ്ങളിൽ നിന്നെടുത്തു അഭിപ്രായങ്ങൾ പറയുകയും ചെയ്യുകാണുന്നുണ്ടു്. അതിന്റെ കാരണമെന്താണെന്നു് ഞാൻ നിങ്ങളോടു് ചോദിച്ചുകൊള്ളുന്നു. മറ്റൊരുവിധത്തിലുള്ള എക്സ്ട്രീമിൽ എത്തിയതിനുശേഷം ചില ആളുകൾക്കു് ഈ സമ്പ്രദായം നല്ലതാണെന്നു് ഒരു കൌതുകം തോന്നുന്നുവെന്നല്ലാതെ അതിൽ കൂടുതലായി മറ്റു വല്ലതും ആ അഭിപ്രായങ്ങളിൽ ഉണ്ടെന്നു് നിങ്ങൾ വിചാരിക്കരുതു്. ഇംഗ്ലണ്ടിലും മറ്റുമുള്ള ആളുകൾ ചില അവസരങ്ങളിൽ കേരളത്തിലെ നമ്മുടെ ഇടയിൽ നടപ്പുള്ള മരുമക്കത്തായ സമ്പ്രദായം അവർ നേരിട്ടു കണ്ടിട്ടില്ലെങ്കിലും എത്രയോ മനോഹരമായ ഒരു സമ്പ്രദായം മാത്രമാണെന്നാണ് എന്നുള്ള നല്ല വശങ്ങൾമാത്രമേ കാണുന്നുള്ളൂ. പത്തു നൂറാളുകൾ യോജിച്ചു ഒരു തറവാട്ടിൽ ഏകയോഗക്ഷേമമായി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞുകൂടുന്ന കാര്യമാണ് അവർ കടലാസ്സിൽ വായിക്കുന്നത്. ഇംഗ്ലണ്ടിലെ ഒരു സാധു കേരളത്തിലെ മരുമക്കത്തായ സമ്പ്രദായം വച്ചു നോക്കിയിട്ടുള്ളതാണെന്നും പരിഷ്കാര ജീവിതത്തിന്റെ പരമമായ സ്ഥിതിയാണ് അതിനുള്ളതെന്നും പറയുകയാണെങ്കിൽ മരുമക്കത്തായ സമ്പ്രദായത്തിന്റെ തൊഴുത്തിൽകുത്തും അതിന്റെ ധനനാശവും അതിന്റെ കഷ്ടപ്പാടുകളും കൺമുമ്പിൽ കണ്ടിട്ടുള്ള ആളുകൾ വെള്ളക്കാരുടെ അഭിപ്രായങ്ങളെ ഉദ്ധരിച്ചുകൊണ്ട് എപ്പോഴെങ്കിലും അനുകൂലിക്കാറുണ്ടോ? അവിടെ ഒരു പ്രത്യേക സമ്പ്രദായത്തിൽ ജീവിച്ചുവരുന്ന ആളുകളുടെ അഭിപ്രായങ്ങൾ നല്ലതാണെന്നു" പറയുന്നത് "അക്കരെ നില്ക്കുമ്പോൾ ഇക്കരെ പച്ച, ഇക്കരെ നില്ക്കുമ്പോൾ അക്കരെ പച്ച" എന്നു പറയുന്നതുപോലെയാണ്. ഇംഗ്ലണ്ടിലേയോ മറ്റു രാജ്യങ്ങളിലേയോ സമ്പ്രദായം ഇവിടെ പകർന്നാലെന്നില്ല. നമ്മുടെ പെൺകുട്ടികൾ, നമ്മുടെ സ്ത്രീകൾ ഭാഗ്യപ്രദം അലങ്കരിക്കുന്നതിനും, മാതൃപദം അലങ്കരിക്കുന്നതിനും, പുരുഷന്റെ കാമതൃഷ്ണയെ ശാന്തിപ്പെടുത്തുന്നതിനും മാത്രം ജനുശാന്തിയെന്നും മറ്റുമുള്ളപക്ഷം നിലവിലിരിക്കുന്ന ഈ കാലത്തു അവർ കേവലം പ്രവൃത്തികളെടുക്കാനുള്ള കഴുതകളല്ല; മൂരികളല്ല; ജന്തുക്കളല്ല; പാലു തരുവാൻ പശു എന്ന നിലയിൽ ഉൽകൃഷ്ടകളാണ്; അവരും ഒരു സമുദായത്തിലെ സൃഷ്ടികളാണ്. ശൈശവ വിവാഹങ്ങളും മറ്റു സമ്പ്രദായങ്ങളും.....

മിസ്റ്റർ സി. വി. ഇയ്യു: "സന്തതൃത്ഥം വിവാഹം" എന്നാണ് പറഞ്ഞിരിക്കുന്നത് (ചിരി).

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ത്രീകൾക്ക് ആ വിധത്തിലുള്ള നിലയല്ല; അതിനേക്കാൾ ഉന്നതവും പരിപാവനവുമായ നില ഉണ്ടെന്നാണ് ആരെങ്കിലും സമ്മതിക്കുന്നുണ്ടെങ്കിൽ തീച്ചയായും ഈ ബില്ലിന്റെ തത്വത്തെ സവ്വാത്മനാ അനുകൂലിക്കണമെന്നാണ് ഞാൻ ഈ നിയമസഭയെ ഉൽബോധിപ്പിക്കുന്നത്. ഒരു സ്ത്രീക്ക് ഒരു പുരുഷനുള്ളപോലെ തന്നെ തന്റെ ജീവിതത്തെ ഏതു വിധത്തിൽ നയിക്കണമെന്നു നിർണ്ണയിക്കുവാനുള്ള, ജീവിതം നയിക്കുവാൻ ആവശ്യമായ ഏതു തൊഴിലിൽ പ്രവേശിക്കണമെന്നു നിർണ്ണയിക്കുവാനുള്ള അവകാശമുണ്ടെന്നു വിശ്വസിക്കുന്ന ഒരാളായതുകൊണ്ടാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നത്. അതല്ല മറ്റൊരുവിധത്തിലുള്ള സാമുദായിക സമ്പ്രദായങ്ങളെയാണ് എന്റെ മാന്യസ്നേഹിതന്മാർ ആരെങ്കിലും അനുകൂലിക്കുന്നുണ്ടെങ്കിൽ അവരുടെ ഈ ബില്ലിനോടുള്ള എതിർപ്പുകളെ എതിർക്കുവാനും കൂടി ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: വിവാഹം എന്നു പറഞ്ഞാൽ സ്ത്രീക്കു സ്വാതന്ത്ര്യം കൊടുക്കണമെന്നാണോ അർത്ഥം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിവാഹം ചെയ്യുവാനും, വിവാഹം ചെയ്യാതിരിക്കുവാനുമുള്ള സ്വാതന്ത്ര്യം സ്ത്രീക്കുണ്ടായിരിക്കണം.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: കൊച്ചിൻ സ്റ്റേറ്റിൽ ഉള്ള എല്ലാ സ്ത്രീകളും വിവാഹം കഴിച്ചുകൊള്ളണം; വിവാഹം ചെയ്യാത്ത ഒരു സ്ത്രീയും ഉണ്ടാകാൻ പാടില്ലാ എന്നാണോ ബില്ലിന്റെ അർത്ഥം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഞാൻ പറയാം, അതിനുള്ള മറുപടി.

LIBRARY ARCHIVES Kerala Legislative Assembly

Deputy President: (Order, order).

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ജ്യുമതിയാകുന്നതിന്നു മുമ്പു് വിവാഹം വേണമെന്നുള്ള ശാസ്ത്രം നിലവിലിരിക്കുന്ന കാലത്തോളം വിവാഹം കഴിക്കാത്ത സ്ത്രീകൾ ഉണ്ടായിരിക്കയില്ല. വിവാഹം വേണമോ വേണ്ടയോ എന്നു് തീരുമാനിക്കുന്നതിന്നുള്ള പഠിപ്പു്, തൊഴിലവസരം, പ്രാപ്തിയും ഉണ്ടാകുന്നതിന്നുമുമ്പു് ശാസ്ത്രം വിവാഹം ചെയ്തുകൊടുത്തുകൊള്ളണമെന്നു് അവരുടെ മാതാപിതാക്കന്മാരെ ശാസിക്കുന്നതായാൽ സ്ത്രീകൾക്കു് സ്വാതന്ത്ര്യം എങ്ങിനെ സിദ്ധിക്കും?

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഏതു വയസ്സിൽ വിവാഹം കഴിച്ചാൽ ആ നില അവർക്കു കിട്ടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതു വയസ്സിന്നു മുമ്പു് വിവാഹം ചെയ്തുകൊടുത്തുകൂടാ എന്നാണു ഞാൻ പറയുന്നതു". വെറുതെ പ്രസംഗസമയത്തു പ്രസക്തിയില്ലാതെ ചോദ്യങ്ങൾ ചോദിച്ചു (ചിരി) പ്രസംഗത്തെ തടയുവാനുള്ള സംരംഭങ്ങൾ ആയിട്ടേ ഞാൻ ഇതിനെ കണക്കാക്കുന്നുള്ളൂ.

ഈ ബില്ലിനെ ഒരാൾ വീക്ഷിക്കുമ്പോൾ സ്ത്രീകൾ സമുദായത്തിലുള്ള സ്ഥാനം ഏതാണെന്നു് ആദ്യമായിട്ടു തീരുമാനിക്കണം. സ്ത്രീകൾ സമുദായത്തിലുള്ള സ്ഥാനം കേവലം മനുസ്മൃതിയിലും മറ്റു സ്മൃതികളിലും പറഞ്ഞിട്ടുള്ള വിധത്തിൽത്തന്നെയാണെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഒരുപക്ഷേ ഈ ബില്ലിനെ എതിർക്കേണ്ടിവരും. അതു് ഈ നിയമസഭയിലെ പരിഷ്കൃതബുദ്ധികളായ അംഗങ്ങൾ വകവെച്ചുകൊടുക്കുവാൻ ഒരുക്കമുണ്ടോ? ഒരുക്കമില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്.

രണ്ടാമതായി ഒരു സംഗതി ഞാൻ ഈ നിയമസഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു. ഇപ്പോൾ ശൈശവവിവാഹം നടപ്പിലിരിക്കുന്ന സമുദായങ്ങളുടെ ഇടയിൽ സ്ത്രീധനസമ്പ്രദായം ചിലരെ എത്രമാത്രം ബുദ്ധിമുട്ടിക്കുന്നുണ്ടെന്നുള്ളതു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ? ഈ ഡൌറി സമ്പ്രദായം ഇത്രമാത്രം കർശനമായവിധത്തിൽ സമുദായത്തെ ബുദ്ധിമുട്ടിക്കുന്നതിന്നു കാരണം സ്ത്രീയും പുരുഷനും ഇത്ര വയസ്സിൽ വിവാഹം ചെയ്യണമെന്നു് ഒരു നിയമം ഇല്ലാതിരിക്കുകയും ജ്യുവാകുന്നതിന്നു മുമ്പു് വിവാഹം കഴിച്ചുകൊടുക്കണമെന്നുള്ള നിയമം നടപ്പിലിരിക്കുകയും ചെയ്യുന്നതുകൊണ്ടാണു്. പഴുത്തുചീയാറായ സാധനം ചിലപ്പോൾ കിട്ടിയവിലക്കു വില്ക്കണം. അതുകൊണ്ടു" ജ്യുവാകുന്നതിന്നു മുമ്പു് വിവാഹം ചെയ്തില്ലെങ്കിൽ ഭ്രഷ്ടു് വരും, സമുദായത്തിന്നുള്ളിൽ ജീവിക്കാൻ അവർക്കു നിവൃത്തിയില്ലാതെ വരും എന്നുള്ള കർശനമായ ശാസനയും പുരുഷന്മാർക്കു് സ്ത്രീകളെ ഇഷ്ടം പോലെ വിലപറയുവാനുള്ള അവസരവും വരുമ്പോഴാണു സ്ത്രീധന സമ്പ്രദായം മാതാപിതാക്കന്മാരെ ബുദ്ധിമുട്ടിക്കുന്നതു്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ചിത്തസാധനം വെറുതെ കളയേണ്ടിവരും.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു നിയമശാസ്ത്രതത്ത്വത്തിലെ നിഷേധിക്കുവാൻ പാടില്ലാത്ത ഒരു സിദ്ധാന്തമാണു്. പുരുഷന്മാർക്കു ൨൫ം വയസ്സും സ്ത്രീകൾക്കു ൧൮ം വയസ്സുവരെ വിവാഹപ്രായത്തിൽ വിലനിർണ്ണയിക്കുവാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

യും. സ്ത്രീ ഋതുമതിയാകുന്നതിനു മുമ്പു, ഋതുമതിയായി എന്നു പുറത്താകുന്നതിനു മുമ്പു് പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കേണ്ട അനിഷേധ്യമായ ശാസന മാതാപിതാക്കന്മാരെ ബുദ്ധിമുട്ടിക്കുന്നതുകൊണ്ടാണു് സ്ത്രീധന സമ്പ്രദായം ശൈശവവിവാഹം നടപ്പിലുള്ള സമുദായങ്ങളെ കൂടുതൽ വിഷമിപ്പിക്കുന്നതു്. ആ സമുദായത്തിൽപ്പെട്ട ധനികന്മാരെയല്ല, ദരിദ്രന്മാരെയാണു് അതു കൂടുതൽ ബുദ്ധിമുട്ടിക്കുന്നതു്. ഈ ശൈശവവിവാഹ ബില്ലിനു" എതിരായി അഭിപ്രായം അയച്ചിട്ടുള്ള ആളുകൾ അതൊരല്പംമെന്നു പരിശോധിക്കുന്ന പക്ഷം സ്ത്രീധനം കൊടുക്കുവാൻ ബുദ്ധിമുട്ടില്ലാതെ പെൺകുട്ടികളെ നിഷ്പ്രയാസം വിവാഹം ചെയ്തുകൊടുക്കുവാൻ കഴിവുള്ള കുബേരന്മാരും ധനികന്മാരുമാണെന്നു കാണുവാൻ സാധിക്കും. ദരിദ്രന്മാരായ ആളുകൾക്കു ഋതുമതിയാകുന്നതിനുമുമ്പു് വിവാഹം ചെയ്തുകൊടുക്കുവാൻ സാധിക്കാത്തവർക്കും സമുദായഭ്രഷ്ടു് കല്പിക്കുവാനുള്ള ശക്തിയും, പ്രാപ്തിയും, ശേഷിയുമുള്ള കുബേരന്മാരും ധനികന്മാരുമാണു് ഈ ബില്ലിനെ എതിർത്തിട്ടുള്ളതു്. ഈ ബിൽ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടു് അനുഭവിക്കുന്നതും ശ്വാസംമുട്ടുന്നതും ബ്രാഹ്മണസമുദായത്തിലും മറ്റു സമുദായത്തിലുമുള്ള പാവപ്പെട്ട മാതാപിതാക്കളാണു്. (ഹീയർ, ഹീയർ) അവർ എത്രമാത്രമാണു് ഈ ബില്ലിനെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നതെന്നു് ഒരു അന്വേഷണം നടത്തിയാൽ അറിയാം. സ്ത്രീധനം കൊടുക്കുവാൻ പ്രാപ്തിയുള്ളവരായ ധനികന്മാരുടേയും വലിയ ഉദ്യോഗസ്ഥന്മാരുടേയും പെൺകുട്ടികളെ കല്ല്യാണം കഴിക്കുന്നതിനു ചെറുപ്പക്കാർ ധാരാളം വന്നുചേരും. എന്നാൽ പാവപ്പെട്ട, സ്ത്രീധനം കൊടുക്കുവാൻ നിവൃത്തിയില്ലാത്ത ആളുകളോടു്, വീടും കുടിയും പണയം വെച്ചും തീറെഴുതിയും കഷ്ടപ്പെട്ടുള്ള ജീവിതത്തിൽ ഇറങ്ങിയും കഴിച്ചുകൂട്ടുന്ന മാതാപിതാക്കളോടാണു് ഈ ബില്ലിനെ പറ്റിയുള്ള അഭിപ്രായം ചോദിക്കേണ്ടതു".

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ : ദരിദ്രന്മാരുടെ പെൺകുട്ടികൾക്കു ഏതു വയസ്സായാൽ സ്ത്രീധനസംഖ്യ കൊടുക്കുവാൻ നിവൃത്തിയുണ്ടാകുമെന്നു ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : നമ്പൂതിരിമാരുടെ ഇടയിൽ സ്ത്രീധനസമ്പ്രദായം ഉണ്ടു്. അവരുടെ ഇടയിൽ ശൈശവവിവാഹം നടത്തുന്നുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉണ്ടെന്നാണു തോന്നുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു : നായന്മാരുടെ ഇടയിൽ ശൈശവവിവാഹമുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മിസ്റ്റർ കണ്ണൻനായരുടെ ചോദ്യത്തിനു മറുപടി പറയാം. നമ്പൂതിരിമാരുടെ കാര്യം വേറെ ചില പ്രത്യേകകാരണങ്ങളെക്കൊണ്ടു വന്നുചേർന്നിട്ടുള്ളതാണു്. അന്യസമുദായത്തിൽനിന്നും വിവാഹം ചെയ്യുന്ന സമ്പ്രദായം അവരുടെ ഇടയിലുള്ളതുകൊണ്ടും, വിവാഹം ചെയ്യുവാനുള്ള പുരുഷന്മാരുടെ ദൌർല്ലഭ്യംകൊണ്ടുമാണു് സ്ത്രീധനസമ്പ്രദായവും, ശൈശവവിവാഹവും നമ്പൂതിരിമാരുടെ ഇടയിൽ നടന്നുവരുന്നതു്.

ഇനി ഞാൻ നിങ്ങളെ മറ്റൊരു സംഗതികൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ ഭാസ്കരമേനോൻ ചോദിച്ച പാവപ്പെട്ടവരുടെ ഇടയിൽ പെൺകുട്ടികൾക്കു ഏതു വയസ്സായാൽ സ്ത്രീധനം കൊടുക്കുവാൻ നിവൃത്തിയുണ്ടാകുമോ എന്നു്. ഈ ബില്ലിന്റെ ശാസന ഏതു വയസ്സിനു മേൽ

LIBRARY ARCHIVES Kerala Legislative Assembly

വിവാഹം ചെയ്തുകൊടുക്കണമെന്നല്ല; ഫ൪ വയസ്സിന് മുമ്പ് വിവാഹം കഴിക്കുവാൻ പാടില്ലയെന്നാണ്". അതു അദ്ദേഹം ഓ൪ക്കണം. അതുകൊണ്ട് ഫ൪ വയസ്സിന് മുമ്പ് വിവാഹം കഴിച്ചുകൂടാ എന്ന നിയമമാക്കുന്നതായാൽ ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകളെല്ലാം തീരുന്നതാണ്". ഇന്നദിവസത്തിനുള്ളിൽ കായ്ങ്ങൾ നടത്തണമെന്നുള്ള പ്രതിബന്ധമായ ഭാരങ്ങളും കഴപ്പങ്ങളും തീരെ ഇല്ലാതെയാകും.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ : ഇന്നദിവസത്തിനകം കായ്ങ്ങൾ നടത്തണമെന്നുള്ള നിബ്ബന്ധം എനിക്കില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : തരമുള്ളപ്പോൾ നടത്തണമെന്നല്ലേ ഉള്ളൂ.

ഇനി മറ്റൊരു സംഗതികൂടി ഞാൻ ഈ സഭയെ ധരിപ്പിക്കുവാൻ ശ്രമിച്ചുകൊള്ളുന്നു. നിബ്ബന്ധപൂ൪വ്വമായ ശൈശവവിവാഹം നടപ്പിലുള്ളതുകൊണ്ട് ആ സമുദായത്തിൽ വന്നുചേ൪ന്നിട്ടുള്ള വേറെ ചില കായ്ങ്ങളെക്കുറിച്ചു ആലോചിക്കുവാൻ ഉദാരബുദ്ധികളായ എന്റെ സ്നേഹിതന്മാരോട് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

പ്രൂതമതികളാകുന്നതിനു മുമ്പ് കന്യകമാരെ വിവാഹം ചെയ്തുകൊടുക്കണം; പുരുഷന്മാ൪ക്ക് എത്ര വയസ്സായാലും വിവാഹം ചെയ്യുന്നതിനു വിരോധമില്ല. ൪ ൦-ം, ൫ ൦-ം, ൬൫-ം, ൫൦-ം, ൫൫-ം വയസ്സു പ്രായമുള്ള, ശൈശവവിവാഹനിയമം നടപ്പിലുള്ള സമുദായത്തിൽപെട്ട ഒരു ബ്രാഹ്മണൻ് അയാളുടെ ആദ്യത്തെ ഭാര്യ മരിച്ചുപോയ ശേഷം രണ്ടാമതൊരു വിവാഹം ചെയ്യുന്നമെന്നുള്ള നിലയിൽ എത്തുമ്പോൾ പ്രൂതമതികളാകാത്ത ൧൦-ം, ൧൨-ം, ൧൩-ം വയസ്സു പ്രായം ചെന്ന പെൺകുട്ടികളെ ആ വൃദ്ധൻ നിബ്ബന്ധപൂ൪വ്വം വിവാഹം കഴിയ്ക്കുകയാണു ചെയ്യുന്നത്".

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : അയാൾ വിധവാവിവാഹം ചെയ്തുകൊള്ളട്ടെ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അപ്പോൾ അതിനുള്ള സനാതനവും പറഞ്ഞു് എതിർക്കും.

ഇങ്ങിനെയുള്ള പല സംഗതികളും ഈ സമുദായത്തിൽ നടപ്പുള്ളതായി നമുക്കു കാണുവാൻ സാധിക്കും. ഇനി ഈ എതിർപ്പുകളുടെയെല്ലാം പ്രായോഗികത്തുന്യൂനതയേയും അ൪ത്ഥമില്ലായ്മയേയും ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിയ്ക്കുന്നു.

൧൦ കൊല്ലമായിട്ട് നമ്മുടെ അയൽരാജ്യമായ ബ്രിട്ടീഷിൽ ഈ നിയമം നടപ്പിലിരിയ്ക്കുന്നുണ്ട്. ൧൯൫൫-ൽ ബ്രിട്ടീഷിൻഡ്യയിൽ ഈ നിയമത്തിൽ വന്ന ഭേദഗതിയുടെ ഫലമായിട്ട് ബ്രിട്ടീഷുകാരനായ ഒരു ബ്രാഹ്മണൻ കൊച്ചിരാജ്യത്തോ മറ്റെതെങ്കിലും രാജ്യങ്ങളിലോ പോയി ഒരു ശൈശവവിവാഹം നടത്തി അവിടെനിന്നു തന്റെ നാട്ടിൽ മടങ്ങിച്ചെല്ലുകയാണെങ്കിൽ അയാളെ ശിക്ഷിയ്ക്കും. മിസ്റ്റർ. സുബ്രഹ്മണ്യയ്യ൪ക്കറിയാം, ബ്രിട്ടീഷിൻഡ്യയിൽ ശാരദആക്ടിൽ വരുത്തിയ ഭേദഗതിയുടെ ഫലമായിട്ട് അവിടെനിന്നും ഒരാൾ വന്ന് കൊച്ചിരാജ്യത്തോ മറ്റെതെങ്കിലും രാജ്യങ്ങളിലോ ചെന്നു ശൈശവവിവാഹം നടത്തി തിരിച്ചു് അവിടെ പോകുകയാണെങ്കിൽ പിടിച്ചു ശിക്ഷിയ്ക്കും എന്നുള്ളതു്". അങ്ങിനെയിരിയ്ക്കെ ബ്രിട്ടീഷിൻഡ്യയുമായി പല

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ ബന്ധപ്പെട്ടും കൂട്ടിഘടിപ്പിച്ചുമിരിയ്ക്കുന്ന കൊച്ചീരാജ്യത്തിൽ ആ വിധത്തിലുള്ള നിയമം വരുന്നതുകൊണ്ട് പ്രായോഗികമായ അസ്വാതന്ത്ര്യങ്ങൾ യാതൊന്നും ആ സമുദായത്തിനു നേരിടുകയില്ല. ഈ അഭിപ്രായം ഈ ബില്ലിനു് അനുകൂലികളായ അഭിപ്രായക്കാരിൽ പലരും വ്യക്തമാക്കിട്ടുണ്ട്. പാലക്കാട്ട്, ചിറ്റൂർ മുതലായ സ്ഥലങ്ങളിലും ബ്രിട്ടീഷ് കൊച്ചിയിലും ബ്രിട്ടീഷിൻഡ്യാ കടന്നുകിടക്കുന്നുണ്ട്. മാത്രമല്ല, കൊച്ചീരാജ്യത്തുള്ള ബ്രാഹ്മണരും ബ്രിട്ടീഷിൻഡ്യയിലുള്ള ബ്രാഹ്മണരും തമ്മിൽ പലവിധത്തിലും ബന്ധമില്ലാത്ത ആളുകൾ ഉണ്ടോ എന്നു സംശയമാണ്. കൊച്ചീരാജ്യത്തുള്ള രമിഴ് ബ്രാഹ്മണരിൽ മിക്കപേരും ബ്രിട്ടീഷിൻഡ്യയിലുള്ള തമിഴ് ബ്രാഹ്മണരും തമ്മിൽ അവിടെ വിവാഹം ചെയ്തിട്ടുള്ളവർ ഇവിടെ; അല്ലെങ്കിൽ ഇവിടെ വിവാഹം ചെയ്തിട്ടുള്ളവർ അവിടെ ഈ നിലയിൽ പരസ്പരബന്ധം കിടക്കുന്നതു്. ഈ നാട്ടിലെ എത്രാന്തിരിമാരുടെ കാര്യംതന്നെ നോക്കാം. അവർ തുളുനാട്ടിൽ നിന്നും വന്നവരാണ്. അവക്കും ഈ ശാരദ ആക്ട് ഇപ്പോഴും ബാധകമാണ്. അതുപോലെതന്നെയാണ് കുടുംബിച്ചെട്ടികളുടെ കാര്യവും എന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: കുടുംബിച്ചെട്ടികൾ ബ്രാഹ്മണരല്ല; ക്ഷത്രിയരാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുടുംബി ചെട്ടികളുടെയിടയിലും ഈ ശൈശവ വിവാഹസമ്പ്രദായം നടപ്പിലുണ്ട്. അവരുടെ അസോസിയേഷനും ഈ ബില്ലിനെ സ്വാഗതം ചെയ്തിരിക്കുന്നു. പിന്നെ കൊച്ചി നിയമസഭയിലെ ശൈഡസാരസ്വതബ്രാഹ്മണരുടെ ഏകപ്രതിനിധിയും, മിസ്റ്റർ അയ്യപ്പന്റെ കൺവെൻഷനിൽപെട്ട ആളുമായ മിസ്റ്റർ എൻ. ഗോവിന്ദപൈ ഈ ബില്ലിനെ സഹർഷം സ്വാഗതം ചെയ്തിരിക്കുന്നു. ഈവക സംഗതികളെല്ലാം മുഴുവനും എണ്ണിനോക്കി കണക്കാക്കേണ്ടതു . മിക്കവാറും ബുദ്ധിയുപയോഗിച്ചും, കോമൺസെൻസ് ഉപയോഗിച്ചും, എതിർപ്പിന്റെ അടിസ്ഥാനത്തിന്നു് ഉറപ്പുണ്ടോ എന്നാലോചിച്ചും വേണം ഈ മാതിരി കാര്യങ്ങൾക്കു് ഒരഭിപ്രായം പറയുവാൻ. ഈ നിയമം പത്തു കൊല്ലമായി ബ്രിട്ടീഷിൻഡ്യയിൽ നടപ്പിൽ വന്നതിനു ശേഷം അവിടത്തെ ബ്രാഹ്മണ സമുദായത്തിനോ മറ്റു സമുദായങ്ങൾക്കോ വലിയ കുഴപ്പങ്ങളൊന്നും നേരിട്ടിട്ടില്ല. ബ്രിട്ടീഷിൻഡ്യയിൽ ഈ നിയമം നടപ്പിൽവന്നു് പത്തു കൊല്ലം കഴിഞ്ഞതിനു ശേഷം അങ്ങിനെയൊരു നിയമം ഇവിടെ നടപ്പിൽ വരുത്തുന്നതിനു് മതിയായ യാതൊരു എതിർപ്പുകൾക്കും കാരണമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്.

ഈ ബില്ലിനു് മതിയായ തെളിവുകളൊന്നും ഇതിന്റെ അവതാരകി ശേഖരിച്ചിട്ടില്ലെന്നുള്ള ഒരാക്ഷേപം മിസ്റ്റർ അയ്യപ്പൻ പറയുകയുണ്ടായി. അതു് മറ്റൊരുതരത്തിലും ബില്ലിന്റെ കാര്യത്തിൽ പറഞ്ഞതിരുന്നുവെങ്കിൽ ശരിയായിരിക്കുമായിരുന്നു. കൊച്ചീരാജ്യത്തിലുള്ള ശൈശവ വിവാഹവും, ബ്രിട്ടീഷിൻഡ്യയിലുള്ള ശൈശവ വിവാഹവും തമ്മിൽ എന്തൊരു വ്യത്യാസമാണുള്ളതു്? ബ്രിട്ടീഷിൻഡ്യയിൽ ഈ ബില്ലിനു് എത്ര എതിരഭിപ്രായങ്ങളും അനുകൂലാഭിപ്രായങ്ങളുമുണ്ടായോ അത്രയും അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ ഇവിടെയുമുണ്ട്. ബ്രിട്ടീഷിൻഡ്യയിൽ ഒന്നിലധികം വിദഗ്ധന്മാരടങ്ങിയ സിലക്ട് കമ്മിറ്റിയുടെ പരിശോധനക്കുശേഷം ജൻഡ്യാതാവശ്യമെന്നു് നടപ്പിൽ വരുത്തീട്ടുള്ള ഒരു നിയമം കൊച്ചീരാജ്യത്തു് നടപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുവാനുള്ള ബുദ്ധിമുട്ടുകൾ വളരെ നിസ്സാരങ്ങളാണ്. വലിയ തെളിവുകൾ ശേഖരിക്കാതെ, വലുതായ അന്വേഷണങ്ങളൊന്നും നടത്താതെ, വലിയ വലിയ റിക്കാർഡുകളൊന്നും സമ്പാദിക്കാതെ തന്നെ ഇങ്ങിനെ ഒരു ബിൽ ഈ നിയമസഭയിൽ കൊണ്ടുവരുന്നതിനു് ഇതിന്റെ അവതാരകയ്ക്കു് മതിയായ അധികാരമുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

ഈ ബില്ലിന്റെ എതിർപ്പുകളെ സംബന്ധിച്ചു് മിസ്റ്റർ കുഞ്ഞുകുട്ടി പറഞ്ഞതുപോലെ നിലവിലിരിക്കുന്ന സമ്പ്രദായത്തിൽ പെട്ടെന്നൊരു മാറ്റം വരുമ്പോൾ അതിനെ എതിർക്കുക എന്നുള്ള ഒരു സമ്പ്രദായം, ഒരു പതിവു് സാധാരണ എല്ലാ ജനങ്ങളുടേയും ഇടയിൽ ഉണ്ടാകും. ഇപ്പോൾ ഇവിടെ ശൈശവവിവാഹം നടപ്പിലിരിക്കുന്നതുപോലെ; ആ സമ്പ്രദായത്തെ മാറ്റുവാനായി പെട്ടെന്നു് എറണാകുളം വനിതാ മെമ്പർ കൊച്ചിനിയമസഭയിൽ ബിൽകൊണ്ടുവന്നു് അകപ്പാടെ തകിടം മറിക്കുവാൻ പോകുന്നു എന്നുള്ള ഒരു വിചാരം മനുഷ്യബുദ്ധിക്കു സഹജമായി തോന്നാവുന്നതാണു്. അതിന്റെ ഫലമായിട്ടു് ചില എതിർപ്പുകളുണ്ടായിട്ടുണ്ടു്. അതിനു മതിയായ കാരണങ്ങളുണ്ടെന്നോ, ന്യായങ്ങളുണ്ടെന്നോ ഞാൻ വിശ്വസിക്കുന്നില്ല. ബ്രിട്ടീഷിൻഡ്യയിൽ പത്തു കൊല്ലക്കാലം ഈ നിയമം നടപ്പിലിരുന്നശേഷം ബ്രിട്ടീഷിൻഡ്യയുമായി വ്യവഹാരബന്ധപ്പെട്ടുകിടക്കുന്ന നമ്മുടെ കൊച്ചിരാജ്യത്തു് ഈ ബിൽ ബാധിക്കുന്ന സമുദായങ്ങൾക്കു യാതൊരു വിധത്തിലുള്ള ആക്ഷേപങ്ങൾക്കും കാരണമില്ലെന്നാണു് ഞാൻ പറയുന്നതു്.

തിരുവിതാംകൂർ നിയമസഭയിൽ ഇതേമാതിരിയുള്ള ഒരു ബില്ലിനുണ്ടായ വാദങ്ങളെപ്പറ്റി മിസ്റ്റർ സുബ്രഹ്മണ്യയ്യർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ബ്രിട്ടീഷിൻഡ്യയിൽ നിയമമായതു് ഉദാഹരണമായി എടുക്കുവാൻ എളുപ്പമുള്ളപ്പോൾ അദ്ദേഹം ഇത്ര ബുദ്ധിമുട്ടി തിരുവിതാംകൂറിലേക്കു കടക്കേണ്ടതുണ്ടായിരുന്നില്ല എന്നു മാത്രമേ അതിനു മറുപടി പറയുന്നുള്ളൂ. ഏതു വിധത്തിൽ നോക്കുകയാണെങ്കിലും ഈ നിയമസഭയുടെ സ്വവിധേയനയുള്ള ആനുകൂല്യത്തിനും അർഹതയുള്ള ഒരു ബില്ലാണിതെന്നും, ഇതിനെ നിങ്ങളെല്ലാവരുംകൂടി പാസാക്കി നിയമമാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, കാലോചിതമായ പരിഷ്കാരത്തെ അടിസ്ഥാനപ്പെടുത്തി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിതു് എന്നതിനു സംശയമില്ല. സ്ത്രീകളുടെ ബുദ്ധിമുട്ടുകളെപ്പറ്റി സ്ത്രീകൾ അറിയുന്നതുപോലെ പുരുഷന്മാർ അറിയുകയില്ല. അതുകൊണ്ടായിരിയ്ക്കണം സ്ത്രീ മെമ്പർ ഇതു കൊണ്ടുവന്നിരിയ്ക്കുന്നതു്. എങ്കിലും കൊച്ചി രാജ്യത്തു് ഏകദേശം അല്ലെങ്കിൽ ഒരു മാത്രം ജനസംഖ്യയുള്ള തമിഴ് ബ്രാഹ്മണരെ പ്രത്യേകം ബാധിയ്ക്കുന്ന ഒരു ബില്ലായതുകൊണ്ടു് ആ സമുദായത്തിൽനിന്നുള്ള എതിർപ്പുകളാണു് ഇതിൽ വളരെ ശക്തിയായി ഉണ്ടായിട്ടുള്ളതു്. കൊച്ചിയിലെ നായർ സമുദായം അവർക്കു വേണ്ടിയുള്ള ഒരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിയ്ക്കുകയും, അതു പാസ്സാക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ കൃസ്ത്യാനികൾ കൃസ്ത്യാനികൾക്കും, തീയ്യർ തീയ്യർക്കും, നമ്പൂതിരിമാർ നമ്പൂതിരിമാർക്കും വേണ്ടിയുള്ള ബില്ലുകൾ കൊണ്ടുവന്നു പാസാക്കീട്ടുണ്ടു്. ഈ കൊച്ചി നിയമസഭയുടെ ആവിർഭാവം മുതൽ ഈ നിയമസഭയിൽ രണ്ടോ മൂന്നോ തമിഴ് ബ്രാഹ്മണർ പ്രതിനിധീകരിയ്ക്കാത്ത ഒരു നിയമസഭ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. ഈ തിയ്യതിവരെ ഇങ്ങിനെയുള്ള ഒരു ബിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശം അവക്കുണ്ടായിട്ടും ഇല്ല. താരദആക്ട് ബ്രിട്ടീഷിൽ പാസായതു് ആ സമുദായത്തിനു ഗുണകരമാണെന്നുണ്ടെങ്കിൽ അതുപോലെയുള്ള ഈ ബില്ലിനു് കൊച്ചീ നിയമസഭയുടെ അകത്തും പുറത്തും ഭൂരിപക്ഷം എതിർപ്പു കാണുവാൻ പാടില്ലാത്തതായിരുന്നു. ൨൫,൭൦൦-ൽചില്വാനം മാത്രം ജനസംഖ്യയുള്ള തമിഴ"ബ്രാഹ്മണരുടെയിടയിൽ അവരുടെ വകയായ ൨൭ സമുഹമഠക്കാർ ഇതിനെ പ്രതിഷേധിച്ചിട്ടുണ്ടു". എഴുന്നൂറിൽ ചില്വാനം പേരുടെ ഒപ്പുകൾ അതിലുണ്ടെന്നു് അതുകൾ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ മിസ്റ്റർ ടി. എസ്സു്. രാമചന്ദ്രയ്യർ പറയുന്നു. രണ്ടേമുക്കാൽ ലക്ഷത്തിൽ ചില്വാനം ജനസംഖ്യയുള്ള ഇവരുടെ ബില്ല ഈ നിയമസഭയിൽ വന്നപ്പോൾ ആയിരം ആളുകൾ മാത്രമാണു് ആ ബില്ലിനെ എതിർത്തുകൊണ്ടു് ആക്ഷേപങ്ങളയച്ചിരുന്നതു്. താരതമ്യേന ഈ ബില്ലിനു് വലിയൊരു ശതമാനം തമിഴു് ബ്രാഹ്മണർ പ്രതികൂലികളാണെന്നു കാണുന്നുണ്ടു്.

ശൈശവവിവാഹംകൊണ്ടു ബാലികമാർക്കും, അതിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്കും ആരോഗ്യം നശിച്ചുപോകുന്നുവെന്നുള്ള ഒരഭിപ്രായം ഇവിടെ പറഞ്ഞുകേട്ടു. ആ അഭിപ്രായത്തോടു് യോജിയ്ക്കുവാൻ ഞാൻ വളരെ സംശയിയ്ക്കുന്നു. ബ്രാഹ്മണരുടെ ആരോഗ്യം താരതമ്യേന മറ്റുള്ളവരുടെ ആരോഗ്യത്തേക്കാളും ഒട്ടും കുറവല്ല. എന്നതന്നെയല്ല ബുദ്ധിശക്തികൊണ്ടു നോക്കിയാലും ലോകത്തിലെ എല്ലാ സമുദായക്കാരേയും അവർ ജയിച്ചുനില്ക്കുന്നുമുണ്ടു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ശൈശവവിവാഹംകൊണ്ടാണോ ബുദ്ധിയുണ്ടായതു്?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അതുകൊണ്ടല്ലെന്നു പറയാമോ?

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: അതല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: പ്രായപൂർത്തി വന്നതിനുശേഷം വിവാഹം കഴിയ്ക്കുന്ന സമ്പ്രദായം നടപ്പിലിരിയ്ക്കുന്ന സമുദായത്തെ കുറിച്ചു കേൾക്കുന്ന ഒരു ന്യൂനപക്ഷ സമുദായമുണ്ടെങ്കിൽ അതു ശൈശവവിവാഹം നിർബ്ബന്ധത്തിലിരിക്കുന്ന തമിഴു ബ്രാഹ്മണ സമുദായമാണെന്നു മനസ്സിലാക്കണം.

"ബ്രാഹ്മണോ മമദൈവതം" എന്നു മറ്റു ഹിന്തുക്കളെകൊണ്ടു് ജപിപ്പിക്കുകയും "ത്ര്യക്ഷരസംയുക്തം—ദൂരതഃ പരിവർജ്ജയേത്" എന്നു പ്രമാണം എഴുതിയുണ്ടായി ഹിന്തുസമുദായത്തിലെ വലിയൊരു ഭൂരിപക്ഷത്തെ കീഴടക്കി അടിമകളാക്കി ഭരിക്കുകയും ചെയ്യുന്നു എന്ന സംഗതികൊണ്ടു തന്നെ ബ്രാഹ്മണസമുദായം ബുദ്ധികൊണ്ടും, മറ്റുള്ള സമുദായങ്ങളെക്കാളും കവിഞ്ഞുനിൽക്കുന്നുണ്ടെന്നുള്ളതിനു തർക്കമില്ല.

മിസ്റ്റർ എ. ബി. സേലം: ഞങ്ങൾ അതു സമ്മതിയ്ക്കാൻ ഒരുക്കമില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നിങ്ങൾ ഒന്നും സമ്മതിക്കുന്നവരല്ല. കമ്പിയില്ലാക്കമ്പി, വിമാനങ്ങൾ മുതലായവ കണ്ടുപിടിച്ച പാശ്ചാത്യർ എത്രയോ ക്ലേശം സഹിച്ചും മൂലധനം ഇറക്കിയിട്ടുമാണു കാര്യം സാധിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ പ്രയത്നംചെയ്യാതെയും മൂലധനം കൂടാതെയും മുക്കറവും ശാപ്പിട്ടിന്നതിനു പൈക്കളെ വാങ്ങിക്കൊടുക്കണമെന്ന വഴികൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുള്ള ബ്രാഹ്മണർ ബുദ്ധിമാന്മാരല്ലെന്നു് ആരെങ്കിലും പറയുവാനുണ്ടെങ്കിൽ അവരാണു ബുദ്ധിയില്ലാത്തവർ. വൈദ്യികമായ നിലയിലും ഉദ്യോഗനിലയിലും എവിടെയും ഏതൊരു സംഗതിയിലും ബ്രാഹ്മണർ മറ്റൊരു സമുദായത്തിനേറയും പിന്നണിയിൽ നിൽക്കുന്നില്ല. "പട്ടരിൽ പൊട്ടനില്ല" എന്ന പഴമൊഴി അക്ഷരംപ്രതി സത്യമാണു്. അത്ര സമർത്ഥന്മാരാണു് അവർ.

ശൈശവവിവാഹത്തിൽ നിന്നുണ്ടാകുന്ന സന്താനങ്ങൾക്കു മറ്റുള്ള ദോഷങ്ങൾ വരുമെന്നു പറയുന്നതു ശരിയാണെങ്കിൽ അതു് അവരിൽ കാണേണ്ടതായിരുന്നു. അതു കണ്ടിട്ടില്ല, കാണുന്നുമില്ല.

മറ്റൊരു സംഗതി എനിക്കു പ്രത്യേകമായിട്ടു പറയുവാനുള്ളതു്, കേരളത്തിലെ എല്ലാ സമുദായങ്ങളിലേയും അവിവാഹിതരായവരുടെ കാനേഷുമാരിക്കണക്കു് എടുത്തുനോക്കിയാൽ കൊച്ചിരാജ്യത്തെ തമിഴബ്രാഹ്മണരുടെ സമുദായത്തിൽ ഒന്നുതന്നെ കാണുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. മറ്റുള്ള എല്ലാ സമുദായങ്ങളിലും വലിയൊരു ശതമാനം അവിവാഹിതരായി നിലനിന്നവരുണ്ടു്. ബ്രാഹ്മണരുടെയിടയിൽ അവിവാഹിതരായ സ്ത്രീകൾ ഇല്ലാതിരിക്കുന്നതിനുള്ള കാരണം, ശൈശവവിവാഹം നിർബ്ബന്ധത്തിലിരിക്കുന്നതുകൊണ്ടും, ഏതെങ്കിലും വിധത്തിൽ പുഷ്പിണികളാകുന്നതിനു മുമ്പു കന്യകമാരെ വിവാഹം ചെയ്തുകൊടുത്തില്ലെങ്കിൽ അവക്കു സാമുദായികമായ ദോഷങ്ങൾ നേരിടുമെന്നുള്ള വ്യവസ്ഥ ഉള്ളതുകൊണ്ടുമാണു്. അതുകൊണ്ടു് അവർ എങ്ങിനെയെങ്കിലും വേഗം കല്യാണം കഴിക്കുന്നു.

ശൈശവവിവാഹം എന്നു പറയുന്നുണ്ടെങ്കിലും ശൈശവത്തിൽ വിവാഹം കഴിച്ചാലും പുഷ്പിണികളായതിനു ശേഷം നെപ്ഷൽ മാരിയേജിനു ശേഷമേ അവർ ദാമ്പത്യജീവിതം നയിക്കുന്നുള്ളൂ. അതുകൊണ്ടു ശൈശവവിവാഹത്തിന്റെ ദോഷം അവരെ ബാധിക്കുന്നുമില്ല.

മിസ്റ്റർ എ. ബി. സേലം : പാസ്പോർട്ട് കൊടുക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഒരു ന്യൂനപക്ഷ സമുദായത്തിനാവശ്യമില്ലെന്നു പറയുന്ന ഒരു ബിൽ മാറ്റു പ്രബല സമുദായക്കാർ അവരുടെ ശക്തികൊണ്ടു ന്യൂനപക്ഷത്തിന്റെ തലയിൽ കെട്ടിവെക്കുക എന്നുള്ളതു് ഒരിക്കലും അനുയോജ്യമോ സഹികാവുന്നതോ ആണെന്നു തോന്നുന്നില്ല. അവക്കാവശ്യമുണ്ടെങ്കിൽ അതായതു തമിഴബ്രാഹ്മണക്കാവശ്യമുണ്ടെങ്കിൽ അവരെല്ലാവരും കൂടി ഒരു ബില്ലു കൊണ്ടുവരട്ടെ എന്നുവച്ചാൽ മതി.

ഈ നിയമം ഇവിടത്തെ ബ്രാഹ്മണരെ മാത്രമല്ല മറ്റു സമുദായങ്ങളെയും കൂടി ബാധിക്കുന്നതാണെന്നുള്ളതു സംശയമറ്റ സംഗതിയാണു്. എന്നാൽ തമിഴ്ബ്രാഹ്മണക്കാണു് ഇതു് അധികം ബാധകമായിട്ടുള്ളതെന്നാണു് ഇപ്പോൾ കണ്ടിരിക്കുന്നതു്. ഈ ബില്ലുകൊണ്ടുണ്ടായേക്കാവുന്ന ദോഷങ്ങളിൽ ഒന്നിനു് ഞാൻ ഒരു ഉദാഹരണം പറയാം. ഒരു ബ്രാഹ്മണനു് ഒരു മകളുണ്ടു്; ഏകദേശം വയസ്സു പ്രായമായിട്ടുണ്ടു്; വിവാഹത്തിനു് യുല്യാംകൊണ്ടും യോജ്യനായ ഒരു വരനെ ലഭിച്ചുകഴിഞ്ഞു; വലിയ ഡൌറിയൊന്നും കൂടാതെ തന്നെ യോഗ്യനായ ആ പുരുഷനു് ആ പെൺകുട്ടിയെ ഉടനെ വിവാഹം കഴിച്ചുകൊടുക്കുവാൻ വരന്റെ കക്ഷി നിബ്ബന്ധിക്കുന്നു. അദ്ദേഹത്തിനു് ആ കാലത്തുതന്നെ വിവാഹം കഴിച്ചുകൊടുക്കുകയും വേണം. അല്ലെങ്കിൽ വി

LIBRARY ARCHIVES Kerala Legislative Assembly

വാഹാലോചന ഉപേക്ഷിക്കണം എന്നുള്ള നില വരുമ്പോൾ ഈ നിയമം മൂലം സ്ത്രീക്ക വയസ്സു പതിമൂന്നേ ആയിട്ടുള്ളുവെന്ന കാരണം കൊണ്ട് ആ വിവാഹം തെറ്റിയാൽ ആ കുട്ടിയും ആ മാതാപിതാക്കളും വളരെ കഷ്ടപ്പെടേണ്ടതായി വരും. ഇപ്പോൾ തന്നെ ബ്രാഹ്മണരുടെയിടയിൽ ബാലികമാരെ ഋതുമതികളാകുന്നതിനു മുമ്പു വിവാഹം കഴിക്കണമെന്ന നിബ്ബന്ധം ഉണ്ടെങ്കിലും ഋതുമതികളായിട്ടില്ലെന്ന വ്യാജേന ഏഴ്-ം, എട്ട്-ം വയസ്സുവരെ കുളിച്ചുവെച്ചുകൊണ്ടിരിയ്ക്കുന്നവരും ഉണ്ട്. കുളിയിൽ പ്രാണരക്ഷ ഉണ്ട്—ശരി ബ്രാഹ്മണ ഹിതത്തിനും പ്രത്തിക്കും വേണ്ടി രക്ഷക്കും പൊളി നിന്നിതമല്ലെടോ എന്ന പ്രമാണപ്രകാരം അതു തെറ്റുമല്ല. അങ്ങിനെ രഹസ്യമായി വെച്ചുകൊണ്ടിരിയ്ക്കുന്നതു പരസ്യമായിക്കൊള്ളട്ടെ എന്നു വിചാരിച്ചു ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതാണെങ്കിൽ ഇതിൽ അവരുടെ സമുദായത്തിൽ ആവശ്യമായ കുഡുംബങ്ങൾക്കു ഈ നിയമത്തിന്റെ പരിധിയിൽ നിന്നു ഒഴിഞ്ഞു നില്ക്കുവാനുള്ള വ്യവസ്ഥകൾ ബില്ലിലുണ്ടായിരിക്കുന്നു. ഈ നിയമ സഭയിൽ നായർ ബില്ലു പാസായകാലത്തു് അതിന്റെ പരിധിയിൽനിന്നും ആവശ്യപ്പെടുന്ന വീട്ടുകാരെ ഒഴിവാക്കേണ്ടതാണെന്നുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. മക്കത്തായ തീയ്യ ബിൽ പാസായ കാലത്തു് ചിറയ്ക്കൽ താലൂക്കിലുള്ള ഈഴവരെ അതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കീട്ടുണ്ട്. അതുപോലെതന്നെ ഈ ബില്ലു പാസാക്കുന്നതിനു പ്രതിബന്ധമായി നില്ക്കുന്ന തമിഴ് ബ്രാഹ്മണരെ ബില്ലിന്റെ പരിധിയിൽ നിന്നു ഒഴിവാക്കുന്നതു് ഉചിതമായിരിക്കും. ഇങ്ങിനെയുള്ള സാമുദായികമായ ബില്ലുകൾ ഉണ്ടാക്കുന്ന കാര്യങ്ങളിൽ ഏതു ഗവൺമെന്റിനേറയും മുഖ്യമായ അതു് ആവശ്യപ്പെടുന്ന സമുദായങ്ങളുടെ ഭൂരിപക്ഷം നോക്കി ചെയ്യണമെന്നുള്ളതാണു്. ഇവിടെയുള്ള ബ്രാഹ്മണ മെമ്പർമാർ ഇങ്ങിനെയൊരു വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതിനു് ഞങ്ങൾക്കാർക്കും വിരോധമില്ലെന്നു പറഞ്ഞിട്ടില്ല. ഇതു് ഇപ്പോഴത്തെ കാലാനുസരണമായ പരിഷ്കാരത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്ന കാരണം പറഞ്ഞുകൊണ്ടു് അവരുടെ തലയിൽ കെട്ടിവെക്കേണ്ട ആവശ്യമില്ല. ഇനി എപ്പോഴെങ്കിലും അവർക്കിതു വേണമെന്നാവശ്യപ്പെടുന്നപക്ഷം കൊടുക്കുവാൻ വിരോധമില്ലാത്തതുമാണു്. ഈ വക പല കാരണങ്ങൾകൊണ്ടും, പ്രധാനമായി സാമുദായിക കുഴപ്പങ്ങൾക്കിടയുള്ള ഒരു ബില്ലാണിതെന്നു കാണുന്നതുകൊണ്ടും ഞാൻ ഇതിനെ എതുക്കുന്നു.

മിസ്റ്റർ എം. നാണുമേനോൻ: ഞാൻ പ്രതിനിധീകരിക്കുന്ന ഏറണാകുളം ടെണ്ണിൽ പ്രാബല്യത്തിലും പ്രാധാന്യത്തിലും ഇരിയ്ക്കുന്ന ഒരു ചെറു സമുദായമായ ബ്രാഹ്മണ സമുദായത്തിന്റെ അഭിപ്രായത്തെ ഇവിടെ ധരിപ്പിയ്ക്കണമെന്നുള്ള അവരുടെ ആവശ്യപ്രകാരം ഞാൻ അതിനു് മുതുങ്ങുന്നു. അവരുടെയിടയിൽ സനാതന ധർമ്മപ്രകാരം അനുവദിച്ചു കൊടുത്തിട്ടുള്ളതും, ഇതുവരെ നടന്നു വന്നിട്ടുള്ളതു, ഇപ്പോൾ നടന്നു വരുന്നതുമായ ശൈശവ വിവാഹത്തിനുള്ള വയസ്സ് ഫ ഫ-നു് മുമ്പായിരിയ്ക്കണമെന്നാണു് ക്ലിപ്തപ്പെടുത്തീട്ടുള്ളതു്. ഫ ഫ വയസ്സു് കഴിഞ്ഞാൽ ഋതുവാകുമെന്നും, അതിനുശേഷം വിവാഹം കഴിയ്ക്കുന്നതു് ശാസ്ത്രപ്രകാരം പാടില്ലാത്തതാണെന്നും, ഋതുവായാൽ അശുദ്ധിയാകുമെന്നും ആ അവസരത്തിൽ മംഗള കർമ്മങ്ങളൊന്നും കഴിയ്ക്കുവാൻ പാടില്ലെന്നും, ഋതുശാന്തി കഴിച്ചാൽമാത്രമെ ആ അശുദ്ധി നീങ്ങുകയുള്ളുവെന്നും, അതുകൊണ്ടു് ഫ ഫ വയസ്സിനുമുമ്പു് കല്യാണം കഴിയ്ക്കുവാൻ സാധിയ്ക്കാതെവന്നാൽ ആ സ്ത്രീയുടെ ജന്മം പാഴായി പോകുമെന്നുമാണു് ആ

LIBRARY ARCHIVES Kerala Legislative Assembly

സമുദായക്കാർ അഭിപ്രായപ്പെടുന്നതു്. ഋതുവാകുന്നതു് ഫർ വയസ്സിനു മുമ്പല്ല എന്നുണ്ടെങ്കിൽ ഈ ബില്ല് പാസാകുന്നതുകൊണ്ടു് വിരോധമില്ലെന്നും അവർ പറയുന്നുണ്ടു്. അങ്ങിനെയല്ലാത്ത സ്ഥിതിയ്ക്കു് ഈ ബില്ലിൽ വെച്ചിട്ടുള്ള ഫർ വയസ്സു് എന്നുള്ളതു് ഒരു വിധത്തിലും സമ്മതിച്ചു കൊടുക്കുവാൻ നിവൃത്തിയില്ല. ശൈശവ വിവാഹ നിരോധനം എന്നു പറയുന്നതു് ആ മാതിരിയുള്ള വിവാഹങ്ങളെ നിരോധിയ്ക്കുന്നതായിട്ടാണു് കാണുന്നതു്. അങ്ങിനെ നിരോധിയ്ക്കുന്നതിനുള്ള പ്രത്യേക കാരണങ്ങളിൽ ഒന്നായി ഈ ബില്ലിൽ പറഞ്ഞിട്ടുള്ളതു് ശൈശവ വിവാഹം കഴിയ്ക്കുന്ന ഒരു പെൺകുട്ടി ഗർഭവതിയാകുന്നു എന്നാണു്. ആ പെൺകുട്ടി പ്രസവിച്ചുണ്ടാകുന്ന കുട്ടി അല്പായുസ്സായിട്ടു തീരും എന്നാണു പറയുന്നതു്. ഒരു സ്ത്രീ ഗർഭധരിയ്ക്കണമെങ്കിൽ നിശ്ചയമായും ഗർഭത്തിനുള്ളിൽ ഒരു കുട്ടിയ്ക്കു് ജീവിയ്ക്കുവാൻ പാകത്തിനുള്ള ഗർഭപാത്രമുണ്ടായിരിയ്ക്കണം. അതിനുതക്കവണ്ണം പ്രായമായ ഒരു സ്ത്രീയ്ക്കു ജനിയ്ക്കുന്ന കുട്ടി ഒരിയ്ക്കലും അല്പായുസ്സായിട്ടൊ രോഗിയായിട്ടൊ ബുദ്ധിഹീനനായിട്ടൊ തീരുവാൻ വഴിയില്ലെന്നാണു് എനിയ്ക്കു തോന്നുന്നതു്. ആ സമുദായക്കാരെസംബന്ധിച്ചു നോക്കുന്നപക്ഷം അങ്ങിനെ ജനിച്ചിട്ടുള്ളവരാരും രോഗികളല്ലെന്നും ബുദ്ധിഹീനരല്ലെന്നും തിട്ടുയായും തെളിയുന്നതുമാണു്.

ബ്രാഹ്മണർ ഒരു തരത്തിലും മറ്റു ജാതിക്കാരിൽനിന്നും ബുദ്ധികൊണ്ടും ആരോഗ്യംകൊണ്ടും ഒട്ടും പിന്നിലല്ല. ഇതിനു പ്രധാനമായി അവരുടെ ഉയർന്നിരിക്കുന്ന കായ്മും എടുത്താൽ മതി. വിദ്യാഭ്യാസകായ്മത്തിലും, കാര്യാലയത്തിലും മറ്റു ജാതിക്കാരിൽനിന്നും പിന്നോക്കം നില്ക്കുന്നില്ല. അല്പായുസ്സിന്റെ കായ്മും പറയുകയാണെങ്കിൽ അവർ ഉയർന്നിരിക്കുന്ന കാരണംകൊണ്ടു് കൂടുതൽ വയസ്സുവരെ ജീവിച്ചിരിയ്ക്കുന്നുമുണ്ടു്. അവരുടെ ബുദ്ധിയെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാകകൊണ്ടു് അതിനെക്കുറിച്ചു് ഇവിടെ അധികമൊന്നും ഞാൻ പറയുന്നില്ല. അവരെപ്പോലെ ബുദ്ധിയുള്ള ആളുകൾ ഇന്നു് മറ്റു ജാതിക്കാരിൽ വളരെ ചുരുക്കമായിട്ടേ കാണുകയുള്ളൂ. അവരുടെ സമുദായത്തിലെ ഒരു ജനസംഖ്യയെടുക്കുകയും, ബാക്കി സമുദായക്കാരുടെ ഒരു ജനസംഖ്യയെടുക്കുകയും ചെയ്തു പരിശോധിയ്ക്കുന്നപക്ഷം ബുദ്ധിയുള്ളവർ മറ്റുള്ളവരിൽ നൂറുക്കു് പത്തുണ്ടെങ്കിൽ ഇവരിൽ പത്തുക്കു പത്തും ഉണ്ടെന്നാണു് ഞാൻ പറയുന്നതു്. അങ്ങിനെയുള്ള ഒരു സമുദായക്കാരുടെ പൂർവ്വാചാരങ്ങൾ മോശമെന്നു പറയുന്നതിനുള്ള അവകാശം ഒരുമാതിരി അവർക്കുതന്നെയാണുള്ളതെന്നു് എനിക്കു തോന്നുന്നു. ആ സമുദായത്തിൽപെട്ട ആളുകൾ പഴയ ആചാരങ്ങളെ മാറ്റി അവർക്കു് ഇഷ്ടപ്പെട്ട പുതിയ ആചാരങ്ങൾ ഈ വിധത്തിലൊക്കെയാണു്; അതു് നിയമമാക്കണമെന്നു് ഒരു ബില്ലു കൊണ്ടുവന്നിരുന്നുവെങ്കിൽ അതു് നന്നായിരിയ്ക്കുമായിരുന്നു. എന്നാൽ അതു് ബാക്കിയാളുകൾക്കൊന്നും കൊണ്ടുവരുവാൻ അവകാശമില്ലെന്നു ഞാൻ പറയുന്നതായി അർത്ഥമാക്കരുതു്.

എന്റെ അഭിപ്രായത്തിൽ ശൈശവ വിവാഹത്തെ നിരോധിച്ചു് പ്രായപൂർത്തിവന്ന വിവാഹം നടപ്പാക്കുവാനുള്ള ബില്ലു കൊണ്ടുവരുന്നതിനേക്കാൾ കുറെക്കൂടി നല്ലതായിരിയ്ക്കും ശൈശവ വിവാഹത്തിലെത്തിച്ചേരുവാൻ നിവൃത്തിയില്ലാത്ത പ്രായപൂർത്തിവന്ന ആളുകളെ പിന്നോക്കം തിരിച്ചു് ശൈശവ വിവാഹത്തിലേയ്ക്കു വിടുകയെന്നുള്ളതു്. (ചിരി) ഒരു സമുദായത്തിൽ പരമ്പരയായി അനുവർത്തിച്ചുകൊണ്ടുവരുന്ന ആചാരങ്ങളെ ഒരു നിയമംമൂലം ഈ നിയമസഭ നിരോധിയ്ക്കുകയാണെങ്കിൽ അതു് ആ സമുദായത്തിൽപെട്ടവർക്കെല്ലാം മനോവേദനയ്ക്കു കാരണമായി തീരുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ഈ ശൈശവ വിവാഹ നിരോധന ബില്ലിന്റെ അവകാശിയും അവതരകിയുമായ ബഹുമാന്യപ്പെട്ട ലേഡി മെമ്പർ ഈ ബിൽ ഇവിടെ കൊണ്ടുവന്നതുകൊണ്ട് അവർ നരകത്തിലേക്കു പോകുമെന്നു ഒരു ബ്രാഹ്മണൻ ശപിച്ചുതായിട്ട് "ഇന്നലെ ഇവിടെ പറയുകയുണ്ടായി. ആ ബ്രാഹ്മണനോട് ഞാൻ നേരിട്ടു ചോദിച്ചതിൽ ശൈശവ വിവാഹം നിരോധിച്ചുകഴിഞ്ഞാൽ പ്രായപൂർത്തിവന്നു വിവാഹം കഴിച്ചുകൊടുക്കുന്ന പെൺകുട്ടിയുടെ അച്ഛൻ, അല്ലെങ്കിൽ ഋതുവാകുന്നതിനുമുമ്പു വിവാഹം കഴിച്ചു കൊടുക്കാത്ത പെൺകുട്ടിയുടെ അച്ഛൻ നരകത്തിൽ പോകുമെന്നു പറഞ്ഞതായിട്ടാണ് പറഞ്ഞതു". അവരെ ശപിച്ചുവെന്നു പറയുന്ന മിസ്റ്റർ എൻ. എ. പരമേശ്വരയ്യർ എന്ന പറയുന്ന ആൾ എന്റെ ഇരുനാഥനംകൂടിയാണ്. ഞാൻ പറയുമ്പോൾ അദ്ദേഹം എന്നേയും പലപ്പോഴും ശപിച്ചിട്ടുണ്ട്. (ചിരി) അതുകൊണ്ട് ആ ശാപമൊന്നും അത്ര വലുതല്ല. ശൈശവ വിവാഹ നിരോധനബിൽ നടപ്പിൽ വരുത്തിയാൽ അതിൽവെച്ചുണ്ടാകുന്ന ദോഷങ്ങളനുഭവിയ്ക്കുന്ന കന്യകമാരുടെ ശാപം അതിലും വലുതായിരിയ്ക്കും. അതുകൊണ്ട് ഞാൻ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

Mr. N. Govinda Pai *(Nominated)*: I never thought that I would be called upon to explain to this House the position that my community has taken in this matter once more, because I already threadbare laid before this House the attitude of the community at the very first stage of the Bill. To my great surprise my learned and Hon'ble friend the member from Kunnamkulam yesterday after supporting this Bill on behalf of his community made an attempt to oppose the Bill on behalf of my community.

Mr. C. V. Iyyu *(Kunnamkulam)*: I did not support on behalf of my community. I only said that my community has no objection to the Bill.

Mr. A. V. Moothedan *(Chalakkudi)*: On the authority of some unknown persons.

Mr. N. Govinda Pai *(Nominated)*: You said that you have no objection to the Bill. I have been observing from the very inception of this Council when I had the privilege to be present that my learned friend is an expert on every subject that passes through this Council. To his great credit he takes great pains to study every subject in what way you all know and places his remarks before the Council, and I think it is in the same way that he has taken this opportunity also to make a remark on this subject on behalf of a community, even a single family of which I doubt will be found in his constituency. He told us yesterday that one of the most eminent, respectable and enlightened gentleman of our community told him that there was some opposition to the Bill from some poor people of our community. He was also pleased to tell us that that gentleman himself had nothing to say against the Bill, and that it was a pleasure to him to see that such a Bill is introduced. He also told us that it was

LIBRARY ARCHIVES Kerala Legislative Assembly

the poor people of the community that were going to suffer from the advent of this Bill, that a great percentage of the community could not read and write, that their literacy was at a very low position and so could not understand the implication of the Bill. I can tell my learned friend on the authority of the Census Report of 1931, that the percentage of male literacy of the Gowda Saraswatha Brahmins is as high as 72 per cent and I can also tell him that the percentage of female literacy is as low as 18 per cent. *(Hear, hear).* It is on account of this appalling fall in the percentage of the education of the females of the community that I make bold to support this Bill with all the vigour that I am capable of.

Dr. A. R. Menon *(Minister for Rural Development):* And do you think that this is due to the early marriage?

Mr. N. Govinda Pai *(Nominated):* Yes. It is generally the custom in my community except in the case of a very few forward people who would not care for any opinion that after the marriage a girl should not be sent to the school at all. In most cases after the marriage has taken place neither the parents nor the party of the husband would send the girl to the school. Another great disadvantage in my community is that the language we talk i. e., *Konkani* has no script and unless we are able to master an alien language we are not able to absorb any amount of culture for our girls and so it is highly desirable on that behalf that the age of the marriage of the girl is raised. Then the complaint that it is the poor people that are going to suffer. With my own knowledge of persons and things, I can assure the Hon'ble member that it is the poor people who are going to suffer by the absence of such a Bill. I shall tell you how. People who have got money can easily get a bridegroom for their girls at 13 or 12 or even at 10 or 8. But a man who has nothing to give as dowry finds it extremely difficult to do so and if he is not able to dispose of his girl—I would call it disposing because some times it does not amout even to a marriage in its true religious sense —to somebody, the scandals that arise about his family are too hard for him to bear.

Dr. A. R. Menon *(Minister for Rural Development):* What do you mean by "dispose of".

Mr. N. Govinda Pai *(Nominated):* That is somehow or other you marry her to some undesirable man. I may say that a couple of hundred years back this system has caused the alienation of a part of my community into a separate entity which could not join any other society nor could command on equal social status with my

LIBRARY ARCHIVES Kerala Legislative Assembly

community and it remains as such till this day; and only 10 or 15 years back I know of instances where fearing this excommu .ication from society people simply called a stranger, gave him five or ten rupees, performed the ceremony of marriage and the man was sent off and the girl remained till the end of her life—God knows how and in what condition. She did not know even whether her marriage had taken place or what her status was. I am considerably ashamed that I should have been forced to bring this state of affairs before this House. But unless I am able to tell you the real things that occur and the alleviation of griet that would be brought about by the advent of this Bill I think I would not justify myself.

Then the last question raised by my learned friend is that there is not much opinion from my community on the Bill that is published and printed. I have expressed myself on the last occasion in this House when the Bill came for leave for introduction. I have got a copy of it myself. I circulated it to more than half-a-dozen associations of my community where considerable population is existing and I got from 3 associations written remarks that they are completely for the Bill. The 4th association wrote to me saying that they were indifferent e: the Bill, but it was only His Holiness the Swamiyar of Kasi Mut who is considered to be the religious head of my community that has got any authority to pass a legislation of this nature and not this legislature. I have given this information to the House even before. I have told the House also that I am not speaking on behalf of everyone individual of my community. In such a kind of social legislation it will always be found that there is always an extreme element which will oppose it and that exists in my community also. I am not hiding it from anybody. But about the other question of His Holiness the Swamiyar of Kasi Mut, I told the House that from the attitude His Holiness took when such a Bill was on the anvil of legislation in British India I am emboldened to support this Bill and I hold to that view even to this day. The only relevant disadvantage which this Bill would bring about is, as I am convinced of of it, that it will give place to some spinsters (unmarried girls). I am sure that no legislation is perfect in itself and we cannot reform human society in a perfect way. Everything has got its good sides and bad sides and we have only to weigh and see whether the advantages are more than the disadvantages. And personally I am convinced that this Bill will be much more useful than the disadvantages which it may cause. The only suggestion about this disadvantageous point that I have to offer is that if in the marriages of persons whose age is 50 or 60 if a law may be brought in whereby the disparity of ages between the male and the female could be

LIBRARY ARCHIVES Kerala Legislative Assembly

reduced, I do not think there will be much complaint about this spinster problem also. I think I have made myself clear about my communal position.

Since I have begun to talk on this subject I would also offer a few remarks about the literature that is before us on this child marriage. As far as I am able to find out there are 3 important points that are offered as great obstacles in the way of the Bill. One is that it is against *Sanatana Dharma*. I do not profess to be a pandit or a man who has got much knowledge upon these things. But from the second or third hand knowledge that I have got, I am convinced that this *Sanatana Dharma* is quite different from what it has been understood to be, *Sanatana* means eternal and *Dharma* means duty or the rules of conduct. The only meaning of *Sanatana Dharma* is "the rules of conduct that would take a man to the eternal realisation". Our ancients believed that the only aim and end of life is to realise the eternal and all those duties that would help a man to realise that goal are the *Sanatana Dharma* or the duties that will take you to the eternal and that is the only meaning and nothing else. And as far as the Hindus believe—if you can call anything these eternal rules you have to follow only the *vedas* and not the *Smrithis*. There is ample difference between the *Srutis* and *Smrithis*. The *Srutis* are the *vedas* the eternal and the *smrithis* the code of conduct that is laid down by the law-givers of that time and those law-givers like *Manu* themselves have said that they are not inflexible things and they have to be changed from time to time according to the exigencies of time, so that the aim which is always to realise the eternal might be gained. If you go back to the vedic times, you can never find an instance of an early marriage there. At the same time you will be able to find that there are many instances illustrated of mature marriages even among Bramins. From that we come to the *Smrithis*, that is, what the law-givers had given at that time. I have got the greatest respect for the *Sanatana Dharma* and the *Smrithi* makers. But I must agree with them with what they have said that these rules are not eternal. The authors themselves have laid down that they require changes from time to time and if we are now going to say against their own opinion, I do not think we are obeying their own behests.

Then the 2nd point is that in some of the smrithis there is a sloka which begins with "അഷ്ടവർഷാ ഭവേത് കന്യാ". A great scholar, I mean, Dr. Bhandarkar who has been recognised as a very eminent Sanskrit scholar who was in Bombay some times back has proved in a controversy like this that this

LIBRARY ARCHIVES Kerala Legislative Assembly

particular sloka is an interpolation in the *smrithis*. He says that after the advent of the Muhammadan invasion just to save the honour of our women there, who it seems as a rule did not violate the honour of the women after they were married, made this sloka and implanted it in the *smrithis* and as the exigencies of the time then required this practice was followed. But those times have passed now. It is no more required and I do not think we need follow that. But to create such a sloka is not a very difficult thing and we know from time immemorial that the priests of every community whose monopoly has been the sanskrit language have created worse things than this. If you will allow me I will tell you a short story. A rich Brahmin was persuaded to perform a big *yagna* with the object of sending him to Heaven after his death. After the beginning of the *yagna* the two chief priests began to extract from him such heavy *dhakshina* that out of compunction of heart one man began to feel a bit uneasy. The other priest seeing that his friend was not in very great agreement with him made the following sloka and sang. The sloka "മമാപ്യർദ്ധംതവാപ്യർദ്ധംവിഗ്രഹംമാകൃഥാഃപണ്ഡിത" It means I will take only half. You take the other half. But do not create trouble. That also is a sloka or rather a *mantra* of *yagna*, and the priests have continuously to humbug us like that. Ever since the sanskrit language has been given to them from time immemorial, leaving aside even the *smrithis*, I do not think there is anything kept unviolated by their interpolation.

The 3rd and the most important point that has been raised as an objection to this Bill is that (I think it is in some of the literature that is printed and published) generally none of the Brahmins now marry a girl before she is 14 and so the evil does not continue now and because the evil does not continue now there is no need for a legislation of the kind. I say it is enough reason to legislate when such a kind of thing happens, because there can be no serious objection when the practice is there. If the man of might, if the man who is rich, if the man who has got some influence is able to keep his girl after 14, 15 or 16 without any scandal being spread about him, why not that privilege be extended to the poor man by a legislation by which he could keep his girl after 15 or 16 or 17 and buy a good bridegroom in the open matrimonial market? If there is no necessity for the Bill because, those desirable things that this Bill intends are now in practice, I say that is the very reason why we should have the Bill. For these few reasons that I have given, I support this Bill.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: On a point of information I will just ask the Brahmin Member one matter. ഇപ്പോഴിഷ്ടിന്ത്യയിൽ ഒരു പുതിയ

LIBRARY ARCHIVES Kerala Legislative Assembly

നിയമം വന്നിട്ടുണ്ട്. അതു നടപ്പിലായിട്ട് ഫാ കൊല്ലമായി. അതനുസരിച്ച് ഫാ വയസ്സു കഴിഞ്ഞാലെ കല്യാണം കഴിക്കാൻ പാടുള്ളു എന്നു വെച്ചിട്ടുണ്ട്. ഒരു ബാലിക ഫാ വയസ്സിൽ സാധാരണയായി ഋതുവാകും. അതിനുശേഷം കല്യാണം കഴിച്ചാൽ നരകത്തിൽ പോകുമെന്നാണ് ഇവിടെ പറയുന്നതു്. അങ്ങിനെവന്നാൽ അവരുടെ സ്ഥിതിയെന്തായിരിക്കും? ബ്രിട്ടിഷിന്ത്യയിലെ ബ്രാഹ്മണരെ വളരെ സാരമായി ബാധിക്കുന്ന ഈ കാര്യത്തിൽ അവർ എന്തുകൊണ്ട് നടപടി നടത്തുന്നില്ല എന്നുള്ളതിനു് മറുപടി കിട്ടിയാൽ കൊള്ളാം.

മിസ്റ്റർ ടി.എ. രാമചന്ദ്രയ്യർ: രാജശാസനയാൽ ഇങ്ങനെ നിയന്ത്രിച്ചാൽ അതിനാൽ ഉണ്ടാകുന്ന പാപം അവക്കുണ്ടാകുകയില്ല. സർ, ഞാൻ വലിയ പ്രസംഗത്തിനൊന്നും ഒരുങ്ങീട്ടില്ല. ഈ നിയമം ഇവിടെ അവതരിപ്പിക്കുന്നതിലുള്ള അനൌചിത്യത്തേയും, ഇതിനെപ്പറ്റി ബ്രാഹ്മണസമുദായത്തിനുള്ള ആക്ഷേപങ്ങളേയും കുറിച്ച് ഈ നിയമം ഇവിടെ അവതരിപ്പിച്ച ഉടനെതന്നെ ഒരു ദീർഘമായ പ്രസംഗത്തിൽ, എനിക്കു പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പറഞ്ഞതെല്ലാം തിരിയെ എടുത്തുപറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ചില സംഗതികൾ മാത്രം ഇവിടെ പറയാം. ആദ്യമായി, ബ്രാഹ്മണർ ഉദ്യോഗങ്ങളിൽ വന്നിട്ടുണ്ട്. അവരെല്ലാം ആ ഉദ്യോഗങ്ങളിൽ നിന്നു ഒഴിയുകയാണെങ്കിൽ ഈ ബിൽ കൊണ്ടുവരികയില്ല എന്നു പറഞ്ഞു. ബ്രാഹ്മണർ, അവർ ചെയ്യേണ്ട കൃത്യങ്ങൾ ശരിയായി ചെയ്യുന്നില്ലെങ്കിൽ ശരിയായ ബ്രാഹ്മണൻ ആകുകയില്ലെന്നാണ് ശ്രുതിയും സ്മൃതിയും മറ്റും പറഞ്ഞിട്ടുള്ളതു്. എന്നാൽ ഞാൻ പറയുന്ന ഫാ ാ-ക്കു് ൻെ പേരും ശരിയായ ബ്രാഹ്മണരാണെന്നു്. ഒരു ബ്രാഹ്മണനാണെങ്കിൽ ഇന്നിന്ന കൃത്യങ്ങൾ ശരിയായി ചെയ്യണമെന്നുണ്ട്. മറ്റുള്ള കൃത്യങ്ങൾ ചെയ്താലും ചെയ്തില്ലെങ്കിലും അവർ ബ്രാഹ്മണരാണു്. നിർബ്ബന്ധമായി ചെയ്യേണ്ട കൃത്യങ്ങൾ ഉപനയനം, സന്ധ്യാവന്ദനം മുതലായവയാണു്. ബാക്കിയുള്ള കർമ്മങ്ങൾ ചെയ്യാമെന്നല്ലാതെ, അതവർ ചെയ്തില്ലെന്നുവിചാരിച്ച് ബ്രാഹ്മണരല്ലാതാകയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ബ്രാഹ്മണർക്കു് കച്ചവടമാകാമോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ആകാം. കച്ചവടം ചെയ്യുന്നതുകൊണ്ട് ബ്രാഹ്മണനല്ലാതാകുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ബ്രാഹ്മണർ കച്ചവടംചെയ്താൽ പതിതത്വമില്ലേ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഇല്ല; അതുകൊണ്ട് ബ്രാഹ്മണനു് ഭ്രഷ്ടില്ല. പക്ഷെ അതുകൊണ്ട് ഉത്തമ ബ്രാഹ്മണനാകുകയില്ല എന്നല്ലാതെ ബ്രാഹ്മണനാകാതെവരുകയില്ല. ഉദ്യോഗങ്ങൾ ഒരിക്കുന്നതുകൊണ്ടും അവർ ബ്രാഹ്മണനല്ലാതാകുന്നു എന്നു പറയുന്നതു ശരിയല്ല. ചില സമുദായങ്ങൾക്കു് കുട്ടിക്കാലത്തു് ചെറിയ കുട്ടികളെ "ഉപദ്രവം ചെയ്യുക" എന്ന ശാസ്ത്രപ്രകാരം ഒരു നിർബ്ബന്ധമുണ്ട്. അതു് പാടില്ലെന്നു് ഒരു നിയമം കൊണ്ടുവന്നാൽ അതു് അവർ സമ്മതിക്കുമോ? ഒരു മുസ്ലീമാകണമെങ്കിൽ കുട്ടിക്കാലത്തു് ഇന്നിന്ന കാര്യങ്ങൾ നടത്തണമെന്നുണ്ട്. അതുപോലെ ബ്രാഹ്മണനാകണമെങ്കിൽ ഉപനയനം, സന്ധ്യാവന്ദനം മുതലായവ വേണം. ബ്രാഹ്മണസ്ത്രീകളാകണമെങ്കിൽ വിവാഹം വേണം എന്നെല്ലാം നിർബ്ബന്ധമുണ്ട്. അതു പാടി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നു പറയുന്നതു് ഒരുവിധത്തിലും ശരിയല്ല. അങ്ങിനെ പറയുന്നതു് ശാസ്ത്രത്തിലുള്ള അജ്ഞതകൊണ്ടാണു്.

പിന്നെ കല്യാണം എന്നു പറഞ്ഞാൽ അതു പലതരത്തിലുണ്ടു്.

മിസ്റ്റർ എം. കെ. ദേവസ്സി: പ്രായപൂർത്തി കഴിഞ്ഞു കല്യാണം കഴിച്ചാൽ അതിനു് ഭ്രഷ്ടു് ഉണ്ടോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഉണ്ടു്. അവർക്കു് ചില കർമ്മങ്ങൾ ചെയ്യാൻ പാടില്ല; ക്ഷേത്രപ്രവേശനവും കൂടി പാടില്ല. കല്യാണം എന്നു പറഞ്ഞാൽ ഇവിടെ വ്യാഖ്യാനിച്ച തരത്തിലുള്ള കല്യാണം മാത്രമല്ല ഉള്ളതു്; അതു പലതരമുണ്ടു്. ഹിന്ദുമതത്തിൽ ബ്രാഹ്മണരല്ലാത്ത ഇതര സമുദായങ്ങളുടെയിടയിൽ, നായന്മാർ, അമ്പലവാസികൾ മുതലായ സമുദായങ്ങളുടെയിടയിൽ കെട്ടുകല്യാണം എന്നൊരു സമ്പ്രദായമുണ്ടു്. കെട്ടുകല്യാണം എന്നു പറയുന്നതും ഒരുതരം കല്യാണം തന്നെയാണു്. ഒരാൾ ഒരു കുട്ടിയുടെ കഴുത്തിൽ താലി കെട്ടിക്കഴിഞ്ഞാൽ അയാളും ആ സ്ത്രീയും ഭാര്യാഭർത്താക്കന്മാരായിരിക്കാൻ വിരോധമില്ലെന്നാണു് നിയമം. അതവർ ചെയ്യാതെന്നുണ്ടെങ്കിലും ചിലർ വ്യത്യസ്തമായി നടക്കുന്നുണ്ടു്. കോവിലകത്തുകൂടി തുത്താലി ചാർത്തു് എന്ന അടിയന്തിരം നടന്നുവരുന്നുണ്ടു്.

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: കെട്ടുകല്യാണത്തിൽ ഒരാൾ തന്നെ ഏ ഠ -ാം, ഛ ഢ -ാം കുട്ടികളെ കെട്ടുന്ന സമ്പ്രദായമുണ്ടു്. ആ ആൾ മരിച്ചാൽ ഈ കുട്ടികളൊക്കെ വിധവകളാകുമോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: വിധവകളാകുകയില്ല. പക്ഷെ പുലയുണ്ടു്. അങ്ങിനെയുള്ള കെട്ടുകല്യാണം നടന്ന ശേഷം ചിലർ ഭാര്യാഭർത്താക്കന്മാരായി ഇരിക്കുന്നുമുണ്ടു്. താലി കെട്ടിയ ആൾ മരിച്ചാൽ ആ കുട്ടി പുലകാക്കാറുണ്ടു്. ചാത്തവുമുട്ടുന്നുണ്ടു്.

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: ഇപ്പോൾ ഒന്നുമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അതുകൊണ്ടു് അതും കല്യാണമാണു്. അതു് നിരോധിക്കാത്തതു് എന്തുകൊണ്ടാണു്. ഒന്നുകിൽ താലികെട്ടുകല്യാണം മതിയെന്നു വെക്കണം. അല്ലെങ്കിൽ മറെറ കല്യാണം മതിയെന്നു വെക്കണം.

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: ഇപ്പോൾ അതൊന്നുമില്ല. അതു ചിത്തയാണെന്നു വിചാരിച്ചാണു മാററിയതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കല്യാണം എന്നു പറഞ്ഞാൽ ഇന്നതരത്തിലുള്ള കല്യാണമാണെന്നു് ഇതിൽ പറഞ്ഞിട്ടില്ല.

ഈ ബിൽ ഈ നിയമസഭ തള്ളിക്കളയുവാനുള്ള ലക്ഷണങ്ങളെല്ലാം തികഞ്ഞിട്ടുണ്ടു്. പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ ആദരിക്കുക, അതനുസരിച്ചു നിയമങ്ങൾ മാത്രം ഉണ്ടാക്കുക എന്നുള്ളതു് ഈ നിയമസഭയുടെ ജനനകാലം മുതൽ ഉള്ളതിന്റെ ഒരു ദൃഢവ്രതമാണു്. ഏതെങ്കിലും ഒരു സമുദായത്തെ ബാധിക്കുന്ന നിയമം വരുമ്പോൾ ആ സമുദായത്തിലെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം ആദരിക്കുക എന്നതു് ഈ സഭയുടെ മറെറാരു ദൃഢവ്രതമാണു്. ഇന്നു കാലത്തു് ദിവാൻജിയവർകൾ ഇവിടെ പറയുകയുണ്ടായി ഈ കൺവെൻഷൻ ബ്രിട്ടീഷിൻഡ്യയിൽ കൊണ്ടുവരാനുള്ള ഒരു കാരണം, അതു് ഒരു മതകാര്യം മാത്രമല്ല, ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നതുകൂടിയായതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാന്നന്നു". അങ്ങിനെയാണെന്നുണ്ടെങ്കിൽ നമ്മുടെ ഗവമ്മെണ്ടു "എന്തുകൊണ്ടു" ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നില്ല. അങ്ങിനെ ഗവമ്മെണ്ടു ഒരു ബിൽ കൊണ്ടുവന്നില്ലെങ്കിൽതന്നെ, ഈ വിശ്വാസം ഗവമ്മെണ്ടിനുണ്ടെങ്കിൽ അന്യ ദ്യോഗസ്ഥപക്ഷത്തുനിന്നു കൊണ്ടുവന്ന ഈ ബില്ലിനെ ഗവമ്മെണ്ടു സപ്പോർട്ടു ചെയ്യേണ്ടതെങ്കിലുമായിരുന്നില്ലേ? ഗവൺമ്മെണ്ടിൽനിന്നു ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നില്ല എന്നുമാത്രമല്ല, അന്യദ്യോഗസ്ഥപക്ഷത്തുനിന്നു ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നപ്പോൾ അതിനെ സപ്പോർട്ടു ചെയ്യാൻ കൂടി ഉദ്ദേശിച്ചിട്ടില്ലയെന്നുള്ളതുകൊണ്ടു് ആ പരിതസ്ഥിതി കൊച്ചിരാജ്യത്തില്ലെന്നുള്ളതു് വ്യക്തമാണു്. അതുകൊണ്ടു് ഈ രാജ്യത്തു് പഴയ നിലതന്നെ തുടരണം; ഇപ്പോഴത്തെ കൺവെൻഷൻതന്നെ ശരിയായി നടത്തിക്കൊണ്ടുപോകാമെന്നാണു് എന്റെ വിശ്വാസം. പൊതുജനാഭിപ്രായവും സമുദായാംഗങ്ങളുടെ അഭിപ്രായവും എടുക്കുകയാണെങ്കിൽ ഈ ബില്ലിന്റെ എതുപ്പിന്റെ ശക്തി പ്രത്യക്ഷപ്പെടുമെന്ന ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടാണു് പൊതുജനാഭിപ്രായമറിയുന്നതിനു് ബിൽ സർക്കുലേറ്റു ചെയ്യണമെന്നു് ഞങ്ങൾ വാദിച്ചതു്. സഭയും ഞങ്ങളുടെ വാദത്തെ കരുണാപൂർവ്വം സ്വീകരിക്കുകയുണ്ടായി. ഞങ്ങളുടെ ശ്രമം നിഷ്ഫലമായിട്ടില്ലെന്നു് മാന്യസഭാംഗങ്ങളുടെ മേശപ്പുറത്തു് വെച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്നും സ്പഷ്ടമാകുന്നുണ്ടു്. ഇതിൽ ചില സമൂഹങ്ങളുടെ അഭിപ്രായമുണ്ടു്. ഈ സമൂഹങ്ങൾ അച്ചടിപ്പിച്ച ആക്ഷേപങ്ങൾ കൌൺസിലിൽ കൊടുത്തിട്ടുണ്ടു്. ഏഴെട്ടെണ്ണത്തിന്റെ ആക്ഷേപങ്ങൾ ഇവിടെതന്നെയുണ്ടു്. ഓരോ സമൂഹങ്ങളുടെ അഭിപ്രായം അതിൽപ്പെട്ടവരുടെ ഭൂരിപക്ഷാഭിപ്രായമാണു്. അങ്ങിനെ ഭൂരിപക്ഷം സമൂഹങ്ങൾ ഈ നിയമം വേണ്ടാ എന്നാണു പറഞ്ഞിട്ടുള്ളതു്. ജസ്റ്റീസു് അനന്തകൃഷ്ണയ്യർ, ജസ്റ്റീസു് വൈദ്യനാഥയ്യർ മുതലായവരുടെ അഭിപ്രായം ഇതു് അനാവശ്യമായിട്ടുള്ളതാണെന്നാണു്. അതുകൊണ്ടു് ഇതു് തള്ളിക്കളയേണ്ടിയിരിക്കുന്നു. ഇതിനുപുറമെ ഈവക കാര്യങ്ങളെക്കുറിച്ചു് അഭിപ്രായങ്ങൾ എഴുതിഅയക്കുവാൻ പ്രാപ്തിയും തൽപരതയുമില്ലാതെ പൂർവ്വാചാരതല്പരന്മാരും, ഇംഗ്ലീഷഭക്തന്മാരും, ധർമ്മസ്നേഹികളുമായ അനേകായിരം പാവപ്പെട്ട ബ്രാഹ്മണർ വേറെയും നമ്മുടെ രാജ്യത്തുണ്ടെന്നും അവരുടെ അഭിപ്രായങ്ങൾ സെലക്ടുകമ്മിറ്റി മുഖാന്തിരമോ മറേറാ നേടിയിരുന്നു എങ്കിൽ ഈ ബില്ലിന്റെ എതുപ്പു് എതു പരിപൂർണ്ണവും വ്യാപ്തിയേറിയതുമായിരിക്കുമെന്നും ഈ സഭക്കുറിയാൻ സാധിക്കുമായിരുന്നു.

ആ സ്ഥിതിക്കു് ഈ ബില്ലിനെ ഈ സഭ നിഷ്കരുണം തള്ളിക്കളയുന്നതിനു തടസ്ഥമായി നില്ക്കുന്നതു് ഈ ബിൽ അവതരിപ്പിച്ച മാന്യയുടെ വ്യക്തിതപം മാത്രമാണു്. ശൈശവവിവാഹനിരോധനബിൽ കൊച്ചിയിൽ അവതരിപ്പിച്ച ശാരദ, ബ്രിട്ടീഷ്ശാരദയെപ്പോലെ ഒരു പുരുഷനായിരുന്നു എങ്കിൽ ഈ ബിൽ ഇന്നലെതന്നെ നിയമസഭാ സിക്രട്ടറിയുടെ ചവറുകൊട്ടയിലേക്കു വീഴുമായിരുന്നു. എന്നാൽ പൊതുക്കാര്യപ്രസക്തിയോടുകൂടി പ്രവൃത്തിക്കുന്ന ഒരു മാന്യമഹിളാമണിയോടു് ഈ സഭാംഗങ്ങൾക്കു് സഹജമായി ജനിച്ചിട്ടുള്ള ആദരവും ബഹുമാനവും മാത്രമാണു് ഇതിനു് തടസ്ഥമായി നില്ക്കുന്നതു്.

എന്നാൽ ജീവിതധർമ്മങ്ങളെ കാര്യമായും സാരമായും സ്പർശിക്കുന്ന ഏതപേക്ഷയിലും അവതാരകയോടുള്ള ബഹുമാനവും സ്നേഹവുംപോലും സഭാംഗങ്ങളുടെ ധർമ്മാനുസരണമായ വോട്ടിനുപോലും തടസ്ഥമായി നില്ക്കുന്നതിനു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. രാജിയാകാവുന്ന ഒരു സാധാരണ കാര്യമാ

LIBRARY ARCHIVES Kerala Legislative Assembly

